# ശാംഭവി

ത്രൈമാസിക

പുസ്തകം 7 | ജനുവരി – മാർച്ച് 2018 | ലക്കം 1



## പത്രാധിപക്കുറിപ്പ്

മനസ്സിന്റെ നൈർമ്മല്യവും പ്രബലതയുമാണ് വ്യക്തിത്വവികാസത്തിന്റെ ആധാരം. സ്വാമി വിവേകാനന്ദൻ തുടങ്ങിയ മഹാത്മാക്കളുടെ ജീവിതം അത് നമുക്ക് കാണിച്ചുതരുന്നു. മനസ്സിലെ ഉപരിപ്ലവമായ വിചാരവികാരങ്ങളെ കൈകാര്യം ചെയ്യാൻ മാത്രമേ സാമാന്യജനത്തിന് സാധിക്കുന്നുള്ളൂ. എന്നാൽ ഒരോരുത്തരുടെയും ഉപബോധമനസ്സിൽ അവരവർ അറിയാത്ത വികാരവിചാരങ്ങളുണ്ട്. അവ ശക്തമായ ആഗ്രഹങ്ങളുടെയും അകാരണമായ ഭയത്തിന്റെയും അടിത്തറയിലുള്ളതായിരിക്കും. നാമറിയാതെ അവയെ മറച്ചുവയ്ക്കാൻ നമുക്കു സാധിക്കുന്നു. അതുകൊണ്ടവ ഉള്ളിൽ ഉറങ്ങിക്കിടക്കുന്നു. ഉപബോധമനസ്സിലെ ആഗ്രഹങ്ങളെയും ഭയത്തെയും ഉചിതമായ രീതിയിൽ കൈകാര്യം ചെയ്ത് ഇല്ലാതാക്കി മനസ്സിനെ പ്രബലമാക്കാം. ക്രമമായ നാമജപാദികളിലൂടെ പ്രബലപ്പെട്ട മനസ്സിന്റെ ഉടമയ്ക്ക് ജീവിതപ്രതിസന്ധികളെ അനായാസേന മറികടക്കാൻ സാധിക്കുന്നു. മനസ്സിന്റെ നൈർമ്മല്യവും പ്രബലതയും നമ്മുടെ ഉള്ളിലുള്ള ശക്തിയെ നമുക്കു ബോദ്ധ്യപ്പെടുത്തി തരുന്നു. അവ ഇച്ഛാജ്ഞാനക്രിയാശക്തികളാണ്. ഇച്ഛാശക്തിയിൽ സ്ഥൈര്യം, ആത്മവിശ്വാസം തുടങ്ങിയവയും ജ്ഞാനശക്തിയിൽ ഈശ്വരാവബോധം, ആത്മബോധം തുടങ്ങിയവയും ക്രിയാശക്തിയിൽ തന്റേതായ സവിശേഷ കർമ്മനൈപുണിയും ഉൾപെടുന്നു. ഈ മൂന്നുവിധത്തിലുള്ള ശക്തികൾ ചേർന്നതാണ് അവരവരുടെ സ്വത്വം അഥവാ സ്വം. അതുകൊണ്ട് ഓരോരുത്തരുടെയും മികച്ച വിജയത്തിന് അവരവരുടെ സ്വത്വത്തെ തിരിച്ചറിഞ്ഞ് സ്വാശ്രയനും സ്വാഭിമാനിയുമായിത്തീരുവാൻ മനസ്സിന്റെ നൈർമ്മല്യവും പ്രബലതയും നേടാനായി ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. സാർവ്വകാലികവും സാർവ്വമാനവികവും സരളവുമായ ഭാരതീയ നാമജപാദി സാധനകൾ പ്രതിജനം യോജിച്ചവിധം അനുശീലിക്കുകയാണെങ്കിൽ രാഷ്ട്രത്തിന്റെതന്നെ സ്വാശ്രയത്വവും സ്വാഭിമാനിത്വവും വർദ്ധിച്ച് ഭാരതം ജഗദ്ഗുരുപദവി നേടും.

പുസ്തകം 7 ലക്കം 25
ജനുവരി - മാർച്ച് 2018

ഒരു വർഷത്തേയ്ക്ക് : 100 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ശംഭുസ്തോത്രം

2

2. സംസ്കൃതപഠനം (33)

5

3. ഭഗവദ്ഗീതാ - ഒരു പുനർവായന (13)

6

4. കാശ്മീര ശൈവസമ്പ്രദായം (2)

9

5. ഔഷധസസ്യങ്ങൾ (20)
ചിറ്ററത്ത

11

6. കുട്ടികളുടെ വാല്മീകിരാമായണം (14)

12

7. ലളിതാസഹസ്രനാമം (24)

15

7. ഐൻസ്റ്റീന്റെ സമവാക്യങ്ങളും
ജ്യോതിഷവും

18

7. ശിവസ്തോത്രാവലി (1)

23

8. പരമാർത്ഥസാരം (1)

26

# സ്മരഗൗരീസ്തവം

സമ്പാദക : അപർണ്ണാദേവി എ.

*ഭഗവത്പാദയതീശ്വരമമലം പരശിവലീലാകലിതശരീരം*
*പരമതഭേദനിരാസനചതുരം പരമം ഗുരുവരമാശ്രയ ഇഹ തം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 1

*യസ്മാദേതദ് വിശ്വമശേഷം സമഭ്രദ്‌യേന സമന്വിതമന്തേ*
*ലയമപി ഗച്ഛേത് പരമാനന്ദേ പരശിവരൂപപരാത്പരതത്ത്വേ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 2

*മായാശക്തിഃ സമജനി യസ്മാത് ത്രിഗുണവ്യക്തിം സൃജതേ കാര്യം*
*യദനു ക്രമതഃ സകലം ജനിതം പരശിവരൂപേ പരമാധാരേ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 3

*യന്മുഖചരണൗ ഹരിധാതാരൗ ദ്രഷ്ടും യാതൗ തിര്യഗ്ഭാവം*
*ദിവി ഭുവി നേശൗ സമഭ്രുതാം തൗ പരമം ദൈവം നാസ്തി യതോ/ന്യത്*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 4

*യത്പ്രാപ്ത്യർഥം കർമ സമസ്തം നാലം യോഗഃ സാംഖ്യമതം വാ*
*ഭക്തിഗ്രാഹ്യം പരമാനന്ദം ഭവരോഗൈകനിവാരണചതുരം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 5

*ലിങ്ഗേ വാർചാം കുരുതേ മർത്യോ യസ്യ പരസ്യ പ്രതിപത്ത്യർഥം*
*തസ്യ സമീപം വാപ്യഥ ഗന്തും ബിഭ്യതി ദൂതാഃ ശമനസ്യാപി*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 6

*യസ്മാദ് ഭീത്യോദേതി വിവസ്വാൻ വാതോ വാത്യപി ഭീത്യാ യസ്മാത്*
*സർവം ശാസ്തി യദന്തസ്തിഷ്ഠന്നന്തര്യാമിശ്രുതികഥിതോ യഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 7

*വർണാശ്രമികൃതകർമ സമസ്തം യത്പ്രീത്യർഥം ക്രിയതേ ചേത് തത്*
*സമ്യഗ് ഭവതീത്യുക്തമതോ/ന്യഃ കോ വാ ദേവോ ഭവതീശാനാത്*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 8

*യോ വൈ രുദ്രോ ഭഗവാനിതി യം ശ്രുതിരപി സാധ്വീ സകലാത്മാനം*
*പ്രാഹ പരേശോ മോക്ഷദ ഇതി ച സ്വാഹാവചനാദാഥർവണഗാത്*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 9

*ശതരുദ്രീയം ജപതാം വിദുഷാം സർവക്ലേശവിനാശനമൂചേ*
*യദനുഗ്രഹതഃ സർവനരാണാം ഭുക്തിർമുക്തിർ ഭവത ഇഹേതി*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 10

*ശിവ ശങ്കര ഹര ഭക്തശരണ്യേത്യനിശം പഠതാം നതിനുതിസമയേ*
*പാപവിനാശം കുരുതേ ഭഗവാൻ പരശിവഭാവപ്രകടനമപി ച*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 11

*ശ്രീമദ്വ്യാഘ്രപുരസ്ഥിതമമലം ചിത്സുഖനടനവിരാജിതചരണം*
*ദേവമുനീശ്വരസേവിതവിഭവം ചിന്തകസജ്ജനഭാവിതസുഷമം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 12

*വേദാന്തേഷു യമാഹുരജസ്രം വിശ്വാധിക ഇതി സർവമുനീന്ദ്രാഃ*
*മൂർത്യഷ്ടകവപുഷം കഥയന്തേ കേചിത് സുധിയഃ സകലാത്മാനം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 13

*വിജയീ ഭവ ഹേ പരമേശ്വര ഭോ വിശ്വോത്തീർണ വിഭോ പരമാത്മൻ*
*മമ ഹൃദി ഭാസിത മംഗളമൂർതേ കുരു തവ ചിന്താരസികം ഹൃദയം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 14

*ഗുണവൈതൃഷ്ണ്യം പരവൈരാഗ്യം ഗുണചിന്താനാം യമനിഷ്ഠാനാം*
*യത്കൃപയാത്മശിവൈക്യപരാണാം ന ഭവേജ്ജനനീജഠരേ വാസഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 15

*കണഭുഗ്വാദപരിശ്രമതോ വാ ജൈമിനിതന്ത്രകൃതശ്രമതോ വാ*
*ന ഭവതി ജന്മശതേഷ്വപി മുക്തിഃ ശിവചരണം ഭജ മുക്തിനിദാനം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 16

*നിത്യം ശുദ്ധം ബുദ്ധം മുക്തം ത്വക്ഷരമനുഭവഗമ്യം പൂർണം*
*യം ശിവമേകം പശ്യന്തോമീ സംഗച്ഛന്തേ കൃതകൃത്യത്വം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 17

*ഇന്ദ്രം വിഷ്ണും ബ്രഹ്മാണം വാ ധ്യായന്തസ്തേ യത്കൃപയൈവ*

*ക്രമതോവാപ്യ സദാശിവഭാവം പരമോദാരാഃ സ്യുർഭയഹീനാഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 18

*സാമാന്യാത്മതയാ ഹി സമസ്തം പ്രവിലാപ്യൈതത് സ്വപ്നസദൃക്ഷം*
*യം പശ്യന്തി ജ്ഞാനസമാധൗ ശിവമദ്വൈതം പ്രത്യക്പ്രവണാഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 19

*ജീവന്മുക്തതയാ കൃതകൃത്യാ അപി വിദ്വാംസഃ പരമേശസ്യ*
*പ്രാരബ്ധക്ഷയപര്യന്തം തേ ഭക്തിം കുർവന്തീതി ഹി ശിഷ്ടാഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 20

*അന്വഹമേതത് പരശിവഭജനം ബുധരമണീയം ഭവതീത്യാഹുഃ*
*ശ്രുതയഃ സ്മൃതയഃ സുധിയോ ലോകേ കലിതരണാദിസമസ്തപുമർഥം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 21

*കാശീപുരവരവാസപരാണാം കലികൽമഷഹരതീർഥരതാനാം*
*പ്രദിശതി ഭഗവാനന്തിമസമയേ ഭവഭയതാരകതാരകബോധം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 22

*സവിതുർദേവസ്യാന്തർഹൃദയേ തിഷ്ഠൻ ഭർഗോ ബുദ്ധിം നോഽസൗ*
*ഈഷ്ടേ സോക്ഷിണ്യേകതയോക്തോ ഗായത്ര്യാഖ്യച്ഛന്ദോവചസാം*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 23

*ന ശിവാദധികം ശ്രുതിശാസനതോ ന ശിവാദധികം സ്മൃതിശാസനതഃ*
*ന ശിവാദധികം മുനിശാസനതോ ന ശിവാദധികം ഗുരുശാസനതഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 24

*ഭജഗോവിന്ദസ്തുതി*[1]*രിഹ കഥിതാ ഭഗവത്പാദയതീശ്വരഗുരുഭിഃ*
*തത്കൃപയൈവ ശിവസ്തവനം മേ കൃതമിതി സന്തഃ കരുണാം കുര്യുഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 25

*സോമകലാധരശംഭോരേതത് സ്തോത്രം യഃ പഠതീഹ മനുഷ്യഃ*
*സ ഹി ഭുവി ധന്യഃ സ ഹി ഭുവി മാന്യഃ സ ഹി ഭുവി ഭക്തഃ സ ഹി ഭുവി മുക്തഃ*
*സ്മര ഗൗരീശം സ്മര ഗൗരീശം സ്മര ഗൗരീശം പാപമതേ* 26

---

1. ഭജഗൗരീശസ്തുതി എന്ന് ഒരു പാഠഭേദവും ഉണ്ട്.

# സംസ്കൃതപഠനം (33)

ഡി. പ്രകാശ്

ഭൂതകാലക്രിയാപദങ്ങളുടെ വാക്യപ്രയോഗം നമ്മൾ പഠിച്ചുകൊണ്ടിരിക്കുന്നു.

അവൻ പോയി എന്ന വാക്യം सः अगच्छत् എന്നും सः गतवान् എന്നുമായി വിവർത്തനം ചെയ്യാം. सः अगच्छत् എന്നതിനെ അവൻ പോയി എന്നർത്ഥം പറയാമെങ്കിലും सः गतवान् എന്നതിന് അവൻ പോയവൻ എന്നാണ് കൃത്യമായ തർജ്ജമ. പക്ഷേ, അവൻ പോയി എന്ന അർത്ഥം ലഭിക്കുമല്ലോ. മറ്റു ഉദാഹരണങ്ങൾ താഴെ കൊടുക്കാം.

1. छात्रः अपठत् - छात्रः पठितवान् (വിദ്യാർത്ഥി പഠിച്ചു).
2. छात्रः अलिखत् - छात्रः लिखितवान् (വിദ്യാർത്ഥി എഴുതി).
3. शिशुः अपिबत् - शिशुः पीतवान् (ശിശു കുടിച്ചു).
4. बालः अक्रीडत् - बालः क्रीडितवान् (ബാലൻ കളിച്ചു).
5. भक्तः अनमत् - भक्तः नमितवान् (ഭക്തൻ നമിച്ചു).
6. सदस्यः अपृच्छत् - सदस्यः पृष्टवान् (മെമ്പർ ചോദിച്ചു).
7. मन्त्री अवदत् - मन्त्री वदितवान् (മന്ത്രി പറഞ്ഞു).
8. शिक्षकः अपश्यत् - शिक्षकः दृष्टवान् (ശിക്ഷകൻ കണ്ടു).
9. यात्रिकः अत्यजत् - यात्रिकः त्यक्तवान् (യാത്രികൻ ഉപേക്ഷിച്ചു).

ഇവിടെ अपठत् എന്നത് ലങ് ലകാരത്തിലുള്ള രൂപമാകുന്നു. എന്നാൽ 'ക്തവതു' എന്ന പ്രത്യയം അവസാനം വന്ന രൂപമാണ് पठितवान् എന്നത്. अपठत् എന്നതിന് 'പഠിച്ചു' എന്നാണർത്ഥമെങ്കിൽ पठितवान् എന്നതിന് പഠിച്ചവൻ എന്നാണർത്ഥം. അപ്പോൾ रामः अपठत् എന്നതിന് രാമൻ പഠിച്ചുവെന്നും, रामः पठितवान् എന്നതിന് രാമൻ പഠിച്ചവൻ എന്നും അർത്ഥമായി വരുന്നു. അതുകൊണ്ട് ഭാഷയിൽ ഈ രണ്ടു വാക്യത്തിനും തുല്യഫലമാണ്.

पठितवान् എന്നതിന് ലിംഗവ്യത്യാസത്താൽ വ്യത്യസ്തരൂപങ്ങളുണ്ട്.

| പുല്ലിംഗം | സ്ത്രീലിംഗം | നപുംസകലിംഗം |
|---|---|---|
| पठितवान् | पठितवती | पठितवत् |
| लिखितवान् | लिखितवती | लिखितवत् |
| हसितवान् | हसितवती | हसितवत् |
| क्रीडितवान् | क्रीडितवती | क्रीडितवत् |
| खादितवान् | खादितवती | खादितवत् |
| धावितवान् | धावितवती | धावितवत् |
| पतितवान् | पतितवती | पतितवत् |
| स्थापितवान् | स्थापितवती | स्थापितवत् |
| कर्तितवान् | कर्तितवती | कर्तितवत् |
| पूजितवान् | पूजितवती | पूजितवत् |

(തുടരും)

# ഭഗവദ്ഗീതാ – ഒരു പുനർവായന [13]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*യാവദേതാന്നിരീക്ഷേ/ഹം യോദ്ധുകാമാനവസ്ഥിതാൻ*
*കൈർമയാ സഹ യോദ്ധവ്യമസ്മിൻ രണസമുദ്യമേ.* 1.22

യുദ്ധം ചെയ്യാൻ ആഗ്രഹിച്ച് ഉറച്ചുനില്ക്കുന്ന ഇവരെ ഞാൻ നോക്കി കാണട്ടെ. ഈ യുദ്ധാരംഭത്തിൽ ഞാൻ ആരോടെല്ലാം യുദ്ധം ചെയ്യണം എന്ന് നോക്കട്ടെ.

ഈ കുരുക്ഷേത്രഭൂമിയിൽ എന്റെ സൈന്യത്തോട് യുദ്ധം ചെയ്യാൻ ആഗ്രഹിച്ചും എന്നോടൊപ്പംനിന്ന് എന്റെ ശത്രുക്കളോട് യുദ്ധം ചെയ്യാൻ ആഗ്രഹിച്ചും വന്നവരാണെന്ന് അർജ്ജുനൻ വ്യക്തമാക്കുന്നു. എന്റെ രഥ

ത്തെ കൊണ്ടുപോയി നിർത്തൂ; എന്നോട് യുദ്ധം ചെയ്യാൻ വന്നവരെയും എനിക്കുവേണ്ടി യുദ്ധം ചെയ്യാൻ വന്നവരെയും ഞാനൊന്ന് കാണട്ടെ; എന്ന അർജ്ജുനവാക്കുകളിൽനിന്ന് അർജ്ജുനന്റെ മമത്വം വെളിവാകുന്നു. ഞാൻ, എന്റേത്, എനിക്കുള്ളത്, എന്നതാണല്ലോ മമത്വം.

*യോത്സ്യമാനാനവേക്ഷേ/ഹം യ ഏതേ/ത്ര സമാഗതാഃ*
*ധാർതരാഷ്ട്രസ്യ ദുർബുദ്ധേർയുദ്ധേ പ്രിയചികീർഷവഃ.* 1.23

ദുഷ്ടബുദ്ധിയായ ദുര്യോധനന് ഇഷ്ടമായ വിധം പ്രവർത്തിക്കാൻ ആഗ്രഹിച്ച് യാതൊരുവർ ഈ യുദ്ധത്തിൽ വന്നുചേർന്നിരിക്കുന്നുവോ ആ യുദ്ധോത്സുകരെ ഞാനൊന്നു കണ്ടുകളയാം.

രണ്ടു സേനകളുടെയും ഇടയ്ക്ക് രഥത്തെ കൊണ്ടുപോയി നിർത്തിയാൽ മാത്രമേ തനിക്ക് രണ്ടു സൈന്യങ്ങളെയും കാണാൻ സാധിക്കുകയുള്ളൂ എന്ന് അർജ്ജുനൻ ചിന്തിച്ചു. കൂടുതൽ താൻ കാണാൻ ആഗ്രഹിക്കുന്നത് എതിർപക്ഷത്തുള്ളവരെയാണ് എന്ന് ഇവിടെ വ്യക്തമാക്കുന്നു.

*സഞ്ജയ ഉവാച*
*ഏവമുക്തോ ഹൃഷീകേശോ ഗുഡാകേശേന ഭാരത*
*സേനയോരുഭയോർമദ്ധ്യേ സ്ഥാപയിത്വാ രഥോത്തമം.* 1.24

അല്ലയോ ധൃതരാഷ്ട്രരെ അർജ്ജുനനാൽ ഇപ്രകാരം പറയപ്പെട്ട ശ്രീകൃഷ്ണഭഗവാൻ ഇരുസേനകളുടെയും നടുവിലായി ഉത്തമമായ ആ രഥത്തെ സ്ഥാപിച്ചു.

നൂറു കുതിരകളെ നിയന്ത്രിക്കുന്നവനാണ് ശ്രീകൃഷ്ണൻ എന്ന് ഇതിന് മുമ്പ് പറഞ്ഞുവല്ലോ. ഇതിലും ദുഷ്കരമായ പ്രവൃത്തിയാണ് പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കുകയെന്നത്. ഈ അർത്ഥത്തെ കുറിക്കുന്ന ഹൃഷീകേശൻ എന്ന പദമാണ് ശ്രീകൃഷ്ണനെ കുറിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. നൂറ് കുതിരകളെ എത്ര ലാഘവത്തോടെയാണോ ശ്രീകൃഷ്ണഭഗവാൻ നിയന്ത്രിക്കുന്നത് അത്രയും ലാഘവത്തോടെ അദ്ദേഹം തന്റെ പഞ്ചേന്ദ്രിയങ്ങളെയും നിയന്ത്രിച്ചിരുന്നു. ഇപ്രകാരമുള്ള ശ്രീകൃഷ്ണനോടാണ് അർജ്ജുനൻ രഥത്തെ ഇരു സേനകളുടെ ഇടയിൽ കൊണ്ടുപോയി നിർത്താൻ പറഞ്ഞത്. അങ്ങനെ അഭ്യർത്ഥിച്ച അർജ്ജുനനെ കുറിക്കാൻ ഇവിടെ ഉപയോഗിച്ച പദം ശ്രദ്ധേയമാണ്. ഗുഡാകേശൻ എന്നാണ്. ഗുഡാകം എന്നാൽ ഉറക്കമെന്നർത്ഥം. ഉറക്കത്തിന്റെ ഈശൻ. അതായത് ഉറക്കത്തെ ജയിച്ചവൻ എന്നർത്ഥം. രാവും പകലും ഒരുപോലെ

യുദ്ധം ചെയ്യാൻ കഴിവുള്ളവനാണ് അർജ്ജുനൻ. നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ഈ ഉറക്കത്തിനും അതീതമായിട്ടുള്ളതും ഓരോരുത്തരിലും സുഷുപ്തിയിൽപോലും ഉണർന്നിരിക്കുന്നതുമായ ബോധം ഉണ്ട് എന്നതുകൊണ്ടാണ് ഉറക്കം ഉണർന്ന ഉടനെ ഉറക്കത്തിൽ അവനവനെ അറിഞ്ഞിട്ടില്ലെങ്കിലും നന്നായി (സുഖമായി) ഉറങ്ങി എന്നു നാം പറയുന്നത്. സുഖസ്വരൂപമായ ബോധം ഉറക്കത്തിനതീതമായി നമ്മളിൽ ഇരിക്കുന്നതിനാൽ നമ്മൾ ഓരോരുത്തരും അർജ്ജുനന്മാരാണ്. അങ്ങനെ നമ്മളിൽ ഓരോരുത്തരിലും ഉറങ്ങാതിരിക്കുന്ന ഈ ബോധം ഉറക്കത്തെ നിയന്ത്രിക്കുന്ന ഈശനായും കുടികൊള്ളുന്നതുകൊണ്ട് നമ്മൾ ഓരോരുത്തരും ഗുഡാകേശന്മാരുമാണ്.

*ഭീഷ്മദ്രോണപ്രമുഖതഃ സർവേഷാം ച മഹീക്ഷിതാം*
*ഉവാച പാർഥ പശ്യൈതാൻ സമവേതാൻ കുരൂനിതി.* 1.25

ശ്രീകൃഷ്ണൻ രണ്ടു സൈന്യങ്ങളുടെയും നടുവിൽ ആ രഥശ്രേഷ്ഠത്തെ ഭീഷ്മദ്രോണന്മാരുടെയും മറ്റു സകലരാജാക്കന്മാരുടെയും മുമ്പിൽ നിർത്തീട്ട് അല്ലയോ പാർഥ ചേർന്നുനില്ക്കുന്ന ഈ കുരുസൈന്യങ്ങളെ കണ്ടാലും എന്നു പറഞ്ഞു.

ശ്രീകൃഷ്ണൻ അർജ്ജുനരഥത്തെ കൊണ്ടുനിർത്തിയ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. ദ്രോണരുടെയും ഭീഷ്മരുടെയും മുമ്പിലായിട്ടാണ് നിർത്തിയിരിക്കുന്നത്. ഇരു സൈന്യങ്ങളിലേയും സകലരാജാക്കന്മാരെയും കാണാൻ സാധിക്കുന്ന സ്ഥാനമാണത്. കുരുൻ എന്നതുകൊണ്ട് പാണ്ഡവകൗരവന്മാരെ ഉദ്ദേശിക്കുന്നു. രഥംകൊണ്ട് നിർത്തിയ സ്ഥലം ശ്രീകൃഷ്ണഭഗവാൻ തിരഞ്ഞെടുത്തത് ബോധപൂർവ്വമാണ് എന്നു പറയണം. ഗീതയിലെ ബിംബങ്ങൾ ഗീതാദർശനത്തെ വിളിച്ചോതുന്നതായി കാണാം. അല്ലയോ പാർത്ഥാ! യുദ്ധോത്സുകരായി ചേർന്നുനില്ക്കുന്ന ഇരു സൈന്യങ്ങളിലേയും യോദ്ധാക്കളെ കണ്ടാലും എന്ന് ശ്രീകൃഷ്ണൻ പറയുന്നു. പശ്യൈതാം പശ്യൈതാൻ എന്നിങ്ങനെ കണ്ടാലും എന്ന് വീണ്ടും വീണ്ടും ഗീതയിൽ പറയുന്നുണ്ട്. കാണുന്നതിന് വളരെ പ്രാധാന്യമുണ്ട്. ജീവിതത്തിൽ കാണുന്നത് തിരിച്ചറിയലാണ്. കാണുക എന്നാൽ വെളിച്ചത്തു കൊണ്ടുവരിക ആണ്. പലതും വെളിച്ചത് വരുമ്പോഴാണ് നമ്മളിൽ മാറ്റങ്ങൾ ഉണ്ടാവുക. അതുകൊണ്ട് കാഴ്ച വളരെ പ്രധാനപ്പെട്ടതാണ്.

(തുടരും)

# കാശ്മീര ശൈവസമ്പ്രദായം
## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

ഇനി കാശ്മീരശൈവ സമ്പ്രദായത്തിലെ ചില പ്രധാന തത്ത്വങ്ങളെക്കുറിച്ച് ചിന്തിക്കാം. ഇനി പറയാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള സാമാന്യമായ ഒരറിവ് ഇതിലേയ്ക്ക് പ്രവേശിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഇതിലെ പ്രധാന തത്ത്വങ്ങൾ ഇനി താഴെ പറയാൻ പോവുന്നവയാണ്.

### 1. പ്രകാശവിമർശങ്ങൾ

പ്രകാശം എന്നാൽ ശുദ്ധബോധവും വിമർശമെന്നാൽ ആ ബോധത്തെ അറിയുന്ന ബോധവും. മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രകാശം തന്നെയാണ് ശിവൻ, വിമർശം ശക്തിയും. സ്വയം പ്രകാശിക്കുന്ന സ്വഭാവത്തോടുകൂടിയതും മറ്റെല്ലാ അറിവുകളേയും പ്രകാശിപ്പിക്കുന്നതുമായ ബോധരൂപമാണ് പ്രകാശം. ഇതുതന്നെയാണ് സംവിത് എന്നും അറിയപ്പെടുന്നത്.

വിമർശമെന്നാൽ പ്രകാശത്തിന്റെ (ബോധത്തിന്റെ/ശിവന്റെ) 'അഹം' (ഞാൻ) എന്ന ഭാവം. ഇതുതന്നെയാണ് സ്വാത്മവിമർശം, പരാമർശം, സ്പന്ദം, ഹൃദയം, വിസർഗം എന്ന പല പേരുകളിലും അറിയപ്പെടുന്നത്.

ഈ തത്ത്വങ്ങളുടെയെല്ലാം പ്രത്യേകത ഇതിനൊക്കെത്തന്നെ ഒരു ആത്മാന്വേഷകന്റെ സ്വാനുഭവവുമായി ബന്ധമുണ്ട് എന്നുള്ളതാണ്. സ്വബോധത്തിലുണ്ടാകുന്ന വ്യത്യസ്തസ്പന്ദങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുന്ന ഒരാൾക്കു മാത്രമേ ഈ ആശയങ്ങൾ കൃത്യമായി മനസ്സിലാകൂ.

### 2. 36 തത്ത്വങ്ങൾ

തത്ത്വമെന്നുള്ള വാക്കിന് പല അർത്ഥങ്ങളുണ്ട്. ഭാവം,[1] ധർമ്മം,

1. പൃഥിവ്യാദേർഭാവഃ

വ്യാപ്തി/വ്യാപിക്കൽ[2] എന്നീ അർത്ഥങ്ങളിലാണ് പൊതുവേ ശൈവഗ്രന്ഥങ്ങളിൽ ഉപയോഗിച്ചു കാണുന്നത്. അഭിനവഗുപ്തപാദരുടെ അഭിപ്രായത്തിൽ ഒരു പ്രത്യേകവിഭാഗത്തിൽ (category) മുഴുവനായും വ്യാപിച്ചു കിടക്കുന്നതിനെയാണ് തത്ത്വം എന്നു പറയുന്നത്.[3] ഉദാഹരണമായി പൃഥിവീതത്ത്വം എന്നു പറഞ്ഞാൽ പൃഥിവിയുടെ ഗുണമുള്ള (ഗന്ധം/ധൃതി, കാഠിന്യം/സ്ഥൗല്യം മുതലായവ) ഏതൊക്കെ വസ്തുക്കളുണ്ടോ അതിലെല്ലാംതന്നെ സാമാന്യരൂപേണ വ്യാപിച്ചിരിക്കുന്നത് എന്നർത്ഥം.

പ്രപഞ്ചത്തിലെ തത്ത്വങ്ങളെക്കുറിച്ച് ആദ്യമായി ചിന്തിച്ചത് സാംഖ്യന്മാരാണ്. അവരുടെ അഭിപ്രായത്തിൽ 25 തത്ത്വങ്ങളടങ്ങിയതാണ് ഈ പ്രപഞ്ചം. പുരുഷൻ തുടങ്ങി പൃഥിവി വരെയുള്ളതാണ് 25 തത്ത്വങ്ങൾ. പക്ഷേ, ശൈവ സമ്പ്രദായമനുസരിച്ച് 36 ആണ് തത്ത്വങ്ങൾ. അതായത് സാംഖ്യന്മാർ പറഞ്ഞ 25 തത്ത്വങ്ങളുടെ മുകളിലായി 11 തത്ത്വങ്ങൾകൂടി അധികമായി വരും. ഈ 36 തത്ത്വങ്ങൾ താഴെ പറയുന്നവയാണ്.

1. ശിവൻ, 2. ശക്തി, 3. സദാശിവൻ, 4. ഈശ്വരൻ, 5. ശുദ്ധവിദ്യാ, 6. മായാ, 7. കലാ, 8. വിദ്യാ, 9. രാഗം, 10. കാലം, 11. നിയതി, 12. പുരുഷൻ, 13. പ്രകൃതി, 14. ബുദ്ധി, 15. അഹങ്കാരം, 16. മനസ്സ്, 17. ശ്രോത്രം, 18. ത്വക്ക്, 19. ചക്ഷുസ്സ്, 20. രസനാ, 21. ഘ്രാണം, 22. വാക്ക്, 23. പാണി, 24. പാദം, 25. പായു, 26. ഉപസ്ഥം, 27. ശബ്ദം, 28. സ്പർശം, 29. രൂപം, 30. രസം, 31. ഗന്ധം, 32. ആകാശം, 33. വായു, 34. തേജസ്, 35. ജലം, 36. പൃഥിവി.

ഈ പറഞ്ഞതിൽ ശിവൻ മുതൽ ശുദ്ധവിദ്യവരെയുള്ള (1-5) തത്ത്വങ്ങളെ ശുദ്ധതത്ത്വങ്ങൾ എന്നു വിളിക്കുന്നു. മായ തുടങ്ങി നിയതി വരെയുള്ളതിനെ (7-11) പഞ്ചകഞ്ചുകങ്ങൾ (ആവരണങ്ങൾ) എന്നാണു വിളിക്കുന്നത്. അഭിനവഗുപ്തപാദരുടെ അഭിപ്രായത്തിൽ കഞ്ചുകങ്ങൾ അഞ്ചല്ല, മറിച്ച് ആറാണ്. അതായത് മായ തുടങ്ങി നിയതി വരെയുള്ളതാണ് ഷഡ്കഞ്ചുകങ്ങൾ.[4] പ്രകൃതി മുതൽ പൃഥിവിവരെയുള്ള (13-36) തത്ത്വങ്ങൾ അശുദ്ധതത്ത്വങ്ങൾ എന്നറിയപ്പെടുന്നു.

---

2. തനോതി സർവ്വമിതി 'തത്' പരം 'രൂപം' തസ്യഭാവസ്തത്വമിത്യർത്ഥഃ (തന്ത്രാലോകവിവേകം)
3. അമീഷാം തത്വാനാം സ്വർഗേഷ്വനുഗാമിനാം (തന്ത്രാലോകം 10.2)
4. മായാ കലാ രാഗവിദ്യേ കാലോ നിയതിരേവ ച
കഞ്ചുകാനി ഷഡുക്താനി സംവിദസ്തത്സ്ഥിതൗ പശുഃ
(തന്ത്രാലോകം 9.204)

ബുദ്ധി, അഹങ്കാരം, മനസ്സ് (14-16) ഇവയെ പൊതുവായി അന്തഃകരണം എന്നു വിളിക്കുന്നു. ശ്രോത്രം മുതൽ ഘ്രാണം വരെയുള്ളതിനെ (17-21) പഞ്ചജ്ഞാനേന്ദ്രിയങ്ങളെന്നും വാക്ക് മുതൽ ഉപസ്ഥം വരെയുള്ളതിനെ (22-26) പഞ്ചകർമ്മേന്ദ്രിയങ്ങളെന്നും ശബ്ദം മുതൽ ഗന്ധം വരെയുള്ളതിനെ (27-31) പഞ്ചതന്മാത്രകളെന്നും, ആകാശം മുതൽ പൃഥിവി വരെയുള്ളതിനെ (32-36) പഞ്ചമഹാഭൂതങ്ങളെന്നും വിളിക്കുന്നു.

(തുടരും)

---

ഔഷധസസ്യങ്ങൾ -19

# ചിറ്റരത്ത

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

എല്ലാ തരത്തിലും വിധത്തിലുമുള്ള വാതരോഗങ്ങൾക്ക് തികച്ചും അനുയോജ്യമായതാണ് ചിറ്റരത്ത. അതുകൊണ്ടുതന്നെ ആയുർവ്വേദശാസ്ത്രമിതിനു നല്കുന്ന പ്രാധാന്യം പറഞ്ഞറിയിക്കാൻ സാധ്യമല്ല. സിൻജിബറേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം ആൽപിനിയ കാൽകറേറ്റ് എന്നാണ്. സംസ്കൃതത്തിൽ രാസ്ന, സുഗന്ധമൂലം എന്നീ പേരുകളുണ്ട്.

ദഹനശക്തി വർദ്ധിപ്പിക്കാനുള്ള കഴിവുണ്ട്. കഫവാതരോഗങ്ങൾ ശമിപ്പിക്കുന്നു. വാതസംബന്ധമായ എല്ലാ വേദനകളും ഇല്ലായ്മ ചെയ്യുന്നു. ശ്വാസ-കാസരോഗങ്ങൾക്കും യോജിച്ച ഔഷധമാണ്. വിഷ സംബന്ധമായ അസുഖങ്ങളും ശമിപ്പിക്കുന്നു.

ചിറ്റരത്ത, ശുദ്ധിചെയ്ത ഗുൽഗുലുവിന്റെ ഇല, ഇവ നല്ലപോലെ അരച്ചു യോജിപ്പിച്ച് ഗുളികയാക്കി തണലത്തുണക്കി ദിവസവും ഈരണ്ടു ഗുളികവീതം രാവിലെയും വൈകീട്ടും പതിവായി സേവിച്ചാൽ ആമവാതം, സന്ധിവാതം, ഗൃദ്രസി (അരയ്ക്കുതാഴെ തുടയുടെ പുറകിൽക്കൂടി പാദങ്ങളിലേയ്ക്ക് വ്യാപിയ്ക്കുന്ന വേദന) തുടങ്ങിയ രോഗങ്ങൾ മാറുമെന്ന് ആയുർവേദം അനുശാസിക്കുന്നു.

രാസ്നാദിചൂർണ്ണം നീർദോഷത്തിന് കൈകണ്ട ഔഷധമാണ്. പ്രായഭേദമെന്യേ ആർക്കും ഉപയോഗിക്കാം. എണ്ണതേച്ചും തേയ്ക്കാതെയും കുളിച്ചാൽ ചിലർക്ക് തലയിൽ നീർക്കെട്ടുണ്ടാവുകയും പതിവാണ്. കുളികഴിഞ്ഞ ഉടൻ അല്പം രാസ്നാദിചൂർണ്ണം നെറുകയിൽ തിരുമ്മുന്നത് ഇതിന് യോജിച്ച പ്രതിവിധിയാണ്. വളരെ ചെറിയ അളവിൽ മൂക്കിൽ വലിയ്ക്കുന്നതും നീർദോഷത്തെ തടുത്തുനിർത്തും.

# കുട്ടികളുടെ വാല്മീകിരാമായണം  14

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

കൊച്ചുകൂട്ടുകാരേ, ത്രിശങ്കുവും വസിഷ്ഠനും വിശ്വാമിത്രനും വ്യത്യസ്ത ചിന്തകളെയും ധാർമ്മികതകളെയും പ്രതിനിധാനം ചെയ്യുന്നു. ഉത്തമനായ വാല്മീകി മഹർഷി ഇതുപോലുള്ള നിരവധി കഥാപാത്രങ്ങളിലൂടെയും കഥാസന്ദർഭങ്ങളിലൂടെയും ധർമ്മ-അധർമ്മചിന്തകളെ ഇഴവിടർത്തി കാണിച്ച് മനുഷ്യസമൂഹത്തിന് നേർവഴി കാണിയ്ക്കുന്നു. നേരായ വഴിയിലൂടെ സഞ്ചരിച്ച് നേടിയെടുത്തതുമാത്രമേ ശാശ്വതമായിരിയ്ക്കുകയുള്ളു എന്നും പരിണതപ്രജ്ഞനായ മഹർഷിവര്യൻ ബോദ്ധ്യപ്പെടുത്തുന്നു.

യാഗാരംഭിത്തിനായി മഹർഷി ശ്രേഷ്ഠരേയും പുരോഹിതന്മാരെയും മറ്റും നേരിട്ട് ക്ഷണിക്കാനുള്ള ഉത്തരവാദിത്തം വിശ്വാമിത്രൻ പുത്രന്മാരെയാണ് ഏല്പിച്ചത്. ഇതിനെതിരെ അസ്വാരസ്യമോ അസഹിഷ്ണുതയോ പ്രകടിപ്പിക്കുന്നവരെ ചൂണ്ടിക്കാണിക്കണമെന്ന കർശന നിർദ്ദേശവും നല്കിയിരുന്നു. മുനിശാപം ഭയന്ന് സകലരും ഇതിൽ പങ്കുകൊള്ളാമെന്ന് വാക്കുനല്കി. പക്ഷേ, സ്ഥിതപ്രജ്ഞരായ വസിഷ്ഠപുത്രന്മാർ ഭയക്കാതെ സ്വന്തം കർത്തവ്യാനുഷ്ഠാനത്തിനാണ് പരമപ്രാധാന്യം നല്കിയത്. സമ്മർദ്ദതന്ത്രങ്ങളും താൻപോരിമയും അക്കാലത്തും നിലനിന്നിരുന്നുവെന്നും ത്രിശങ്കുസ്വർഗ്ഗം തെളിവു നല്കുന്നു. വേണ്ടതിലധികം തപശ്ശക്തി കരസ്ഥമാക്കിയിട്ടും അഹന്തയ്ക്ക് അയവുവരാത്തവനും അല്പത്തം അകമ്പടി സേവിച്ചവനും ആശ്രിതവത്സലനുമായ വിശ്വാമിത്രനാൽ സൃഷ്ടിക്കപ്പെട്ട നവീന സ്വർഗ്ഗസങ്കല്പം, 'ത്രിശങ്കു' ഭാഷയിലെ അർത്ഥവത്തായ ശൈലിയായി മാറി. കാലാകാലങ്ങളായി പിന്തുടർന്നുവരുന്ന മഹത്തായ കീഴ്‌വഴക്കങ്ങളും നിയമസംഹിതകളും ആചാരാനുഷ്ഠാനങ്ങളും നിമിഷാർദ്ധം കൊണ്ട് കാറ്റിൽപ്പറത്തി തന്നിഷ്ടംപോലെ പ്രവർത്തിയ്ക്കുന്ന സമകാലിക സമൂഹത്തെ ഓർമ്മിപ്പിയ്ക്കുന്ന വിശ്വാമിത്രന്റെ ത്രിശങ്കുവും മറ്റും. അധികാ

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, Sreekanth C., hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**SREEKANTH C.**
**PUBLISHER**

രഗർവ്വുകൊണ്ടും പിടിവാശികൊണ്ടും പടുത്തുയർത്തിയ ഈ സങ്കല്പസ്വർഗ്ഗം എത്രകാലം നിലനിന്നുവെന്ന് മിടുക്കന്മാരായ നിങ്ങളോട് പറഞ്ഞു തരേണ്ട ആവശ്യമില്ലല്ലോ? യജ്ഞാവസാനംവരെ മാത്രമേ അതിന്നായുസ്സുണ്ടായിരുന്നുള്ളൂ. യഥാർത്ഥ സ്വർഗ്ഗാധിപതിയായ ദേവേന്ദ്രൻ പ്രവേശനാനുമതി നിഷേധിച്ച ത്രിശങ്കുമാർക്കായി മൂഢസ്വർഗ്ഗം പണിതീർക്കുന്ന അഭിനവവിശ്വാമിത്രന്മാർ കാലത്തെ പുറകോട്ട് നയിയ്ക്കാനുവദിയ്ക്കാതെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് ജീവിതത്തെ അഭിമുഖീകരിയ്ക്കണമെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

സാഗരംപോലെ ആഴവും പരപ്പുമേറിയ വാല്മീകിരാമായണത്തിലെ വിലപിടിപ്പുള്ള മുത്തും പവിഴവും കണ്ടെത്തുന്ന മഹർഷിശ്രേഷ്ഠൻ, വിശ്വാമിത്ര മുനിയുടെ മറ്റൊരു മുഖമാണ് അടുത്തതായി മറനീക്കി കാണിക്കുന്നത്. രാജാവിനും രാജ്യത്തിനും പ്രജകൾക്കും സർവ്വ ഐശ്വര്യവും പ്രദാനം ചെയ്യുന്ന യാഗാനുഷ്ഠാനങ്ങൾ അക്കാലത്ത് സാർവ്വത്രികമായിരുന്നു. അയോദ്ധ്യാരാജാവായ അംബരീഷന്റെ യജ്ഞ പശുവിനെ സ്വർഗ്ഗാധിപതിയായ ദേവേന്ദ്രൻ അപഹരിച്ച് എവിടെയോ ഒളിപ്പിച്ചുവെച്ചു. പ്രജാക്ഷേമ തല്പരരും ധർമ്മിഷ്ഠരുമായ രാജാക്കന്മാർ യാഗം നടത്തി, സ്വർഗ്ഗപദവി നേടിയേക്കുമോ എന്ന ഭയം എക്കാലവും ദേവേന്ദ്രനുണ്ടായിരുന്നു. ഇക്കാര്യമറിയാതെ ദേശദേശാന്തരങ്ങൾതോറും യജ്ഞപശുവിനെ തേടി നിരാശനായ അംബരീഷൻ അവസാനം രക്ഷപ്പെട്ടു. നിത്യവൃത്തിയ്ക്കുപോലും ഗതിയില്ലാതെ വലയുന്നവനും തപസ്സിന്റെ മറുകര കണ്ടവനുമായ ഋചീകന് അനവധി വിലപിടിച്ച സ്വർണ്ണവും മറ്റും നല്കി സന്തുഷ്ടനാക്കി അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രനായ ശുനശ്ശേപനെ യജ്ഞപശുവായി സ്വീകരിച്ചു. യാത്രാമദ്ധ്യേ, യാദൃച്ഛികമായി കണ്ടുമുട്ടിയ വിശ്വാമിത്ര മഹർഷിയോട് ശുനശ്ശേപൻ തന്റെ ദയനീയാവസ്ഥ തുറന്നു പറഞ്ഞു. അച്ഛനമ്മമാർ കൊലയ്ക്കു നല്കിയ മുനികുമാരന്റെ അനാഥത്വം വിശ്വാമിത്രന്റെ കണ്ണു തുറപ്പിച്ചു. തന്റെ ആറു പുത്രന്മാരിൽ ഒരാളെ പകരം നല്കി ഈ വിഷമാവസ്ഥ പരിഹരിക്കാമെന്ന് ചിന്തിച്ച വലിയ മനസ്സിന്റെ ഉടമകൂടിയായിരുന്നു, വിശ്വാമിത്രൻ. പക്ഷേ, അച്ഛന്റെ അഭിപ്രായത്തിനു വഴങ്ങുന്നവരായിരുന്നില്ല പുത്രന്മാർ. പിതാവിനെ അനുസരിക്കാത്ത പുത്രന്മാർ ആയിരം വർഷം പട്ടിമാംസം ഭക്ഷിച്ച് കാട്ടിൽ അലഞ്ഞു നടക്കട്ടെയെന്ന് നിരാശനായ വിശ്വാമിത്രൻ ശപിച്ച്, ശുനശ്ശേപനെ ബലിപീഠത്തിൽനിന്നു രക്ഷിച്ച്, അയോദ്ധ്യാപതിയ്ക്ക് സർവ്വ ഐശ്വര്യവും പ്രദാനം

ചെയ്ത വിശ്രുതനായ വിശ്വാമിത്രന്റെ വ്യത്യസ്തവും മഹത്തരവുമായ മറ്റൊരു മുഖമാണ് ഇവിടെ ചുരുൾ നിവരുന്നത്.

(തുടരും)

---

# ലളിതാസഹസ്രനാമം (23)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*സുധാസാരാഭിവർഷിണീ* = അമൃതധാര വർഷിക്കുന്നവൾ

അമൃതധാര വർഷിക്കുന്നവളാണ് ലളിതാപരമേശ്വരി. മൂലാധാരത്തിൽനിന്ന് മണിപൂരചക്രത്തിലൂടെയും ആജ്ഞാചക്രത്തിലൂടെയും കടന്നുവന്ന് സഹസ്രാരപദ്മത്തിലെത്തുമ്പോൾ നമ്മുടെ അല്പത്വബോധം പൂർണ്ണവികാസത്തെ പ്രാപിച്ച് പൂർണ്ണബോധത്തിലെത്തുന്നു. അപ്പോൾ ആ പരിപൂർണ്ണബോധം അമൃതമഴ പെയ്യിക്കുന്നവളായിത്തീരും.

ഞാൻ എന്ന ബോധം അല്പത്വത്തോടുകൂടിയിരിക്കുമ്പോഴാണ് ഞാൻ ജനിച്ചു എന്നും ഞാൻ മരിക്കുമെന്നും നമുക്ക് തോന്നുന്നത്. അല്പത്വംപോയി പൂർണ്ണവികാസത്തെ പ്രാപിച്ചു കഴിയുമ്പോൾ അമരത്വം കൈവരും. അവനവൻ മാത്രമല്ല അമരനാകുക, ചുറ്റുപാടുമുള്ളതെല്ലാം അമരമായതാണെന്ന ബോധമുണ്ടാകും. ആ സമയത്തെ ഞാൻ ബോധാവസ്ഥ സുധാധാരാഭിവർഷിണിയാണ്.

*40. തടില്ലതാസമരുചിഃ ഷട്ചക്രോപരിസംസ്ഥിതാ*
*മഹാസക്തിഃ കുണ്ഡലിനീ ബിസതന്തുതനീയസീ*

*തടില്ലതാസമരുചിഃ* = മിന്നൽപിണരിനു തുല്യമായ ശോഭയോടുകൂടിയവൾ

കാർമേഘത്തിനുള്ളിൽ ഒരു മിന്നൽപിണർ ഏതുപോലെയാണോ അതിമനോഹരമായിരിക്കുന്നത് അതുപോലെയുള്ള ശോഭയോടുകൂടിയിരിക്കുന്നതും ക്ഷണനേരം മാത്രം കാണപ്പെടുന്നതുമായിരിക്കുന്ന ദേവിയാണ് ഈ നാമംകൊണ്ട് പറയപ്പെടുന്നത്. ഈ നാമപ്രകാരമുള്ള ദേവിയെ നമ്മുടെ ഉള്ളിൽ ധ്യാനിക്കണം. ഇതൊരു ധ്യാനരീതിയാണ്. നമ്മുടെ

ഉള്ളിൽ സകലഭാവങ്ങളും ഇല്ലാതായി എന്നു കണ്ടതിനുശേഷം ക്ഷണ പ്രഭയും മിന്നൽപിണരുപോലെ ശോഭയോടുകൂടിയതുമായി ലളിതാപര മേശ്വരിയെ ഭാവന ചെയ്യണം.

ഈ നാമം മുതൽ എങ്ങനെയൊക്കെ നമ്മളിൽ ദേവി പ്രകടമാകും എന്നു പറയുന്നു.

*ഷട്ചക്രോപരിസംസ്ഥിതാ* = ആറു ചക്രങ്ങൾക്കും മുകളിലായി സ്ഥിതിചെയ്യുന്നവൾ.

മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, ആജ്ഞ എന്നീ ചക്രങ്ങൾ നമ്മുടെ സൂക്ഷ്മശരീരത്തിലുണ്ടെന്ന് പറഞ്ഞുവല്ലോ. മൂലാധാര മാകുന്ന കുണ്ഡത്തിനുള്ളിൽ ഒളിഞ്ഞുകിടക്കുന്ന കുണ്ഡലിനീശക്തി മേല്പറ ഞ്ഞ ചക്രങ്ങളെയെല്ലാം ഭേദിച്ച് സഹസ്രാരപദ്മത്തിലെത്തുമ്പോൾ ആ ശക്തി ഷട്ചക്രോപരിസംസ്ഥിതയാണ്. പൃഥിവീ, ആപഃ, തേജഃ, വായുഃ, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ പരസ്പരമുള്ള ഒത്തുമാറലും വിനിമയ വും ചേർച്ചയും ആണല്ലോ പ്രപഞ്ചം. പ്രകർഷേണ പഞ്ചീകൃതമായതാണ ല്ലോ പ്രപഞ്ചം. ഇങ്ങനെയുള്ള പ്രപഞ്ചത്തെ ചലിപ്പിക്കുന്ന ഒരു മനസ്സു ണ്ട്. ഇപ്രകാരം പ്രപഞ്ചത്തിലടങ്ങിയിരിക്കുന്ന പഞ്ചഭൂതങ്ങൾ അഞ്ചും അതിനെ ചലിപ്പിക്കുന്ന വിശ്വമനസ്സെന്ന ഒന്നും ചേർന്നാൽ ആറെണ്ണമാ യി. ഇതാണ് ഷഡ്ചക്രങ്ങൾ. അങ്ങനെ പൃഥിവ്യാദി പഞ്ചഭൂതങ്ങൾക്കും വിശ്വമനസ്സിനുമുപരിയായി സ്ഥിതിചെയ്യുന്ന ലളിതാപരമേശ്വരിയാണ് ഷഡ്ചക്രോപരിസംസ്ഥിതാ. അങ്ങനെ പ്രപഞ്ചാതീതമായിത്തീരുന്ന നമ്മുടെ ബോധത്തെ ഷഡ്ചക്രോപരിസംസ്ഥിതാ എന്നു വിളിക്കുന്നു.

മഹാസക്തിഃ = മഹത്തായതിനുള്ള ആസക്തി.

പരമശിവന് പലതായിത്തീരുവാൻ തോന്നിയപ്പോൾ ആ ആഗ്രഹം ദേവിയാണ്. പലതായിത്തീരുവാനുള്ള ആഗ്രഹമാണ് ആസക്തി. അ പ്പോൾ ഇതിനെ സൃഷ്ട്യുന്മുഖമായതെന്ന് വിളിക്കുന്നു. അതുപോലെ മഹാ സക്തി എന്ന നാമത്തെ മഹത്തിങ്കലുള്ള ആസക്തി എന്നും പറയാം. പ ലതായിത്തീർന്നതിന് തിരിച്ചുപോകാനുള്ള ആസക്തിയെ മഹാസക്തി എന്നു വിളിക്കാം. പരശിവൻ പലതായിതീരാൻ ആഗ്രഹിച്ചു. അപ്പോൾ ഈ പ്രപഞ്ചമായിത്തീർന്നു. അതായത് ഈശ്വരൻതന്നെ പലതായി കാ ണപ്പെടുന്ന ഈ പ്രപഞ്ചമായി പരിണമിച്ചു. പ്രപഞ്ചമായിത്തീർന്ന ആ പരശിവൻ, തിരിച്ച് ഏകമായ ആ മഹത്തിലേയ്ക്ക് എത്തിച്ചേരാൻ ആഗ്ര ഹിച്ചു. ഈ രണ്ടു ആസക്തിയും ദേവിതന്നെ എന്നു സാരം.

ഒരു വ്യക്തിയിൽ നോക്കിയാലും ഇത് കാണപ്പെടും. നമ്മുടെ ന്യായമായ ആഗ്രഹത്തെ ബോധപൂർവ്വം ഇല്ലാതാക്കിയിട്ട് ഉപബോധമനസ്സിലെ വികാരങ്ങളെ കൈകാര്യം ചെയ്യില്ലായെങ്കിൽ ആ വികാരങ്ങൾ നമ്മളെ മുന്നോട്ടു നയിക്കുകയും അത് നമ്മളിലൂടെ പ്രകടമാകുകയും ചെയ്യും. അതായത് ഒരു വ്യക്തിയിലെ നിയന്ത്രണാതീതമായ വികാരങ്ങളെയാണ് ആസക്തി എന്നു പറയുന്നത്. അതുപോലെ അകാരണമായ ഭയവും ഉണ്ട്. ആസക്തിയുടെയും അകാരണഭയത്തിന്റെയും തോതിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുമെന്നുമാത്രം. എല്ലാവരിലും ഇതുരണ്ടും ഉപബോധമനസ്സിൽ കിടപ്പുണ്ട്. ഇതിനെ വേണ്ടുംവിധം കൈകാര്യം ചെയ്താൽ സ്വഭാവരൂപീകരണം വ്യക്തികളിൽ സാധ്യമാകും.

*കുണ്ഡലിനീ* = കുണ്ഡത്തിനുള്ളിൽ ഒളിഞ്ഞുകിടക്കുന്നവൾ

ബോധം പ്രപഞ്ചമായി പരിണമിച്ചതിനുശേഷം ബാക്കി വന്നത് കുണ്ഡലിനീ. മുൻനാമത്തിൽ മഹാസക്തിയാണ് ദേവിയെന്ന് പറഞ്ഞു. ബോധത്തിന് പ്രപഞ്ചമായി പരിണമിക്കുവാനുള്ള ആ വലിയ ആസക്തി (great desire) ആണ് മഹാസക്തിയായ ദേവി എന്നു കണ്ടു. അപ്രകാരം പ്രപഞ്ചമായി പരിണമിച്ചുകഴിഞ്ഞ് അവശേഷിച്ചത് ഏറ്റവും സാന്ദ്രവും കട്ടിയുള്ളതുമായ മൂലാധാരത്തിൽ കുണ്ഡത്തിനുള്ളിൽ ഒളിഞ്ഞുകിടക്കുന്നതിനാൽ കുണ്ഡലിനീ എന്നു വിളിക്കുന്നു.

ഒരു വ്യക്തിയിൽ ഞാൻ എന്ന ബോധത്തിനകത്ത് ഒളിഞ്ഞുകിടക്കുന്ന ദേവീബോധം അഥവാ ശിവബോധത്തെയാണ് കുണ്ഡലിനീ എന്നു വിളിക്കുന്നത്. ആ കുണ്ഡലിനീയും ലളിതാപരമേശ്വരിതന്നെ.

ഈ കുണ്ഡലിനീ മൂലാധാരത്തിൽ മൂന്നരച്ചുറ്റുള്ള സർപ്പത്തിന്റെ ആകൃതിയിലാണ് കിടക്കുന്നത്. മാനമാതൃമേയങ്ങൾ അഥവാ ധ്യാനധാതൃധ്യേയങ്ങൾ അഥവാ ജ്ഞാനജ്ഞാതൃജ്ഞേയങ്ങൾ എന്നവിയാണ് ഈ മൂന്നു ചുറ്റ്. ഈ ത്രിപുടികളായ മാനമാതൃമേയങ്ങൾ ഒന്നായി കഴിഞ്ഞാൽ അവശേഷിച്ചത് എന്തോ അതാണ് അരച്ചുറ്റ്. ഇങ്ങനെ മൂന്നരച്ചുറ്റ് രൂപത്തിലുള്ള സർപ്പം നമ്മുടെ മൂലാധാരത്തിൽ വികസിക്കുവാൻ തുടങ്ങിയിട്ടില്ലാത്തതും പ്രപഞ്ചോന്മുഖമായിരിക്കുന്നതുമായ ഇതിനെ പ്രതിനിധാനം ചെയ്യുന്ന രീതിയിൽ താഴോട്ടു കുമ്പിനിൽക്കുന്ന ശിവബോധത്തിൽ വായ അമർത്തി കിടക്കുന്നതായി യോഗിമാർ കാണുന്നു.

ശിവനും ശക്തിയും എവിടെയാണെങ്കിലും അഭേദ്യമായതാണെന്ന് ഇതു കാണിക്കുന്നു. സഹസ്രാരപദ്മത്തിൽ ബോധം പൂർണ്ണവികാസത്തെ

പ്രാപിക്കുന്ന പരമമായ അവസ്ഥയിലും പൂർണ്ണവികാസത്തെ പ്രാപിക്കാതെ കൂമ്പി നില്ക്കുന്ന അവസ്ഥയിലും ശിവശക്തികളുടെ അഭേദ്യമായ അവസ്ഥ കാണാം. ഒരിടത്തും ശിവനോടുകൂടാതെയുള്ള ശക്തിയും ശക്തിയോടുകൂടാതെയുള്ള ശിവനും ഇല്ല. ചലനരഹിതമായതും ചലനത്തോടുകൂടിയതും എപ്പോഴും ഒരുമിച്ചുതന്നെ എന്നതും ഇവിടെ വ്യക്തമാകുന്നു.

(തുടരും)

---

# ഐൻസ്റ്റീന്റെ സമവാക്യങ്ങളും ജ്യോതിഷവും

പ്രൊഫ. ജി. സുധാകരൻ

*അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ഊർജ്ജതന്ത്രജ്ഞനായ കൊല്ലത്തെ ജി. സുധാകരന്റെ ക്വാണ്ടം ഊർജ്ജതന്ത്രവുമായി ബന്ധപ്പെട്ട രണ്ടു പ്രബന്ധങ്ങൾ അന്താരാഷ്ട്രതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രൊഫ. സുധാകരനുമായി ജ്യോതിഷഗവേഷകനായ പ്രേമചന്ദ്രൻ തൃപ്പൂണിത്തുറ നടത്തിയ അഭിമുഖത്തിന്റെ സംക്ഷിപ്തരൂപമാണ് ഈ ലേഖനം. അഭിമുഖം നടത്തിയ ആൾക്ക് ഊർജ്ജതന്ത്രത്തിലുള്ള അറിവിന്റെ പരിമിതി അഭിമുഖത്തിൽ ചർച്ചചെയ്ത കാര്യങ്ങൾ രേഖപ്പെടുത്തിയതിൽ കണ്ടേക്കാം. ഐൻസ്റ്റീന്റെ സാമാന്യ ആപേക്ഷികതാ സിദ്ധാന്തവും (General Theory of Relativity) ജ്യോതിഷവും തമ്മിലുള്ള ബന്ധം സാധാരണക്കാർക്ക് മനസ്സിലാകുംവിധം ലളിതമായി അവതരിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളതെങ്കിലും വിശദീകരണങ്ങളിൽ സാങ്കേതിക പദാവലി കടന്നുവരുന്ന സാഹചര്യം പലപ്പോഴും ഒഴിവാക്കാൻ സാധിച്ചിട്ടില്ല. ആപേക്ഷികതാ സിദ്ധാന്തപരമായ സംശയദൂരീകരണത്തിന് പ്രൊഫ. സുധാകരനെ സമീപിക്കാവുന്നതാണ്. (Mob: 9497173486, E-mail: sudhakaran@hotmail.com).*

## പ്രൊഫ. ജി. സുധാകരന്റെ വാക്കുകളിലേക്ക്....

ആമുഖമായി പറയട്ടെ, ഞാൻ ഒരു ജ്യോതിഷി അല്ല. ജ്യോതിഷ പാരമ്പര്യം അവകാശപ്പെടാമെങ്കിലും ഞാൻ ജ്യോതിഷം പഠിച്ചിട്ടില്ല. ജ്യോതിഷമെന്നത് ജ്യോതിസ്സുകളെ അഥവാ പ്രപഞ്ചത്തിലെ പ്രകാശ ഉറവിടങ്ങളെ ഭൂമിയെയും അതിൽ അധിവസിക്കുന്ന ജീവജാലങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ശാസ്ത്രമാണ്. എന്റെ ഇഷ്ട വിഷയമായ ഊർജ്ജതന്ത്രത്തിലെ (Physics) ഒരു പ്രധാനം ഘടകം പ്രകാശോർജ്ജമാണ്. കൊല്ലം എസ്.എൻ. കോളേജിലെ അദ്ധ്യാപകവൃത്തിയിൽനിന്നും വിരമിക്കുന്നതുവരെ ഊർജ്ജതന്ത്രജ്ഞൻ (Physicist) എന്ന നിലയിൽ പഠനവും പ്രവൃത്തിയും ചെയ്തുകൊണ്ടിരുന്ന എന്റെ യുക്തിചിന്തയിൽ ബോദ്ധ്യപ്പെട്ട ഐൻസ്റ്റീന്റെ സമവാക്യങ്ങളും ജ്യോതിഷവും തമ്മിലുള്ള ബന്ധത്തേക്കുറിച്ചുള്ള ചില വസ്തുതകൾ, പൊതുജനശ്രദ്ധയിൽ കൊണ്ടുവരാനാണ് എന്റെ ശ്രമം.

ഇന്നു നാം കാണുന്ന ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരാവസ്ഥകളെ ഗണിതത്തിന്റെ കാർക്കശ്യമായ സാങ്കേതിക ഭാഷയിൽ വിശദമാക്കുവാൻ ഐൻസ്റ്റീന്റെ സമവാക്യങ്ങൾക്കു മാത്രമേ കഴിയൂ. ജ്യോതിഷം പോലെതന്നെ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളവയാണ് ഐൻസ്റ്റീന്റെ സിദ്ധാന്തങ്ങളും. ഐൻസ്റ്റീന്റെ സാമാന്യ ആപേക്ഷികതാ സിദ്ധാന്തപ്രകാരം എല്ലാ ചലനങ്ങളും ആപേക്ഷികങ്ങളാണ്. സൂര്യനെ അപേക്ഷിച്ച് പ്രപഞ്ചം സൂര്യനു ചുറ്റും ചലിക്കുന്നു. ചന്ദ്രനെ അപേക്ഷിച്ച് പ്രപഞ്ചം ചന്ദ്രനു ചുറ്റും ചലിക്കുന്നു. ഭൂമിയെ അപേക്ഷിച്ച് പ്രപഞ്ചം ഭൂമിക്കു ചുറ്റും ചലിക്കുന്നു. അതുപോലെ ഏതൊരു നിരീക്ഷകനെ അപേക്ഷിച്ചും പ്രപഞ്ചം അവനു ചുറ്റും ചലിക്കുന്നു എന്നുള്ള വീക്ഷണവും പൂർണ്ണമായും ശാസ്ത്രീയമാണെന്ന് ഐൻസ്റ്റീൻ പറഞ്ഞു. മേല്പറഞ്ഞ വീക്ഷണത്തിന് ഉപോൽബലകമായിട്ടാണ് ഐൻസ്റ്റീൻ തന്റെ ഫീൽഡ് സമവാക്യങ്ങൾ (Field Equations) അവതരിപ്പിച്ചത്.

മാനവചരിത്രത്തിൽ ഏറ്റവും സുന്ദരമെന്ന വിശേഷിപ്പിക്കപ്പെട്ട സമവാക്യമാണ് $G_{ij} = -KT_{ij}$. ഇതിൽ Gij എന്നത് ഗുരുത്വാകർഷണ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന 'ഐൻസ്റ്റീൻ ടെൻസർ' (Einstein Tensor) ആണ്. ഇതിനെ 'ഇരുമ്പുതൂണ്' (Pillar of Iron) എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. Tij എന്നത് പദാർത്ഥത്തിന്റെ ഭൗതിക സ്വഭാവ

ത്തെ പ്രതിനിധാനം ചെയ്യുന്ന 'എനർജി മൊമെന്റം ടെൻസർ' (Energy Momentum Tensor) ആണ്. അതിനെ 'വൈക്കോൽ തൂണ്' (Pillar of Straw) എന്നും അദ്ദേഹം വിശേഷിപ്പിച്ചു. 'K' എന്നത് 'ഐൻസ്റ്റീൻ ഭൂഗുരുത്വസ്ഥിരാംഗം' (Einstein Gravitational Constant) ആണ്. ഈ സമവാക്യത്തിലെ Gij-യെ വിശദീകരണ വിധേയമാക്കാൻ ഏറ്റവും പ്രയാസമാണെന്നും, Tij-യെ എളുപ്പത്തിൽ വിശകലനം ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു. തന്റെ സമവാക്യത്തിലെ ഈ സാങ്കേതിക സംജ്ഞകളെ ഇരുമ്പിനോടും വൈക്കോലിനോടും താരതമ്യം ചെയ്തത് ഐൻസ്റ്റീന്റെ സ്വതഃസിദ്ധമായ നർമ്മബോധത്തിന്റെ ഉദാഹരണമാണ്. മുകളിൽ വിവരിച്ച സാങ്കേതിക സമവാക്യം, 'ഗുരുത്വാകർഷണമണ്ഡലം = പദാർത്ഥ സാന്നിദ്ധ്യം' എന്ന് ലളിതമാക്കാം.

ഐൻസ്റ്റീന്റെ സമവാക്യങ്ങളുടെ അന്തഃസത്ത ഗണിതശാസ്ത്രാധിഷ്ഠിതമായി ഉദ്ഘോഷിക്കുന്നത് സൂര്യനെ കേന്ദ്രമാക്കിയുള്ള പ്രപഞ്ചവീക്ഷണവും ഭൂമിയെ കേന്ദ്രമാക്കിയുള്ള പ്രപഞ്ചവീക്ഷണവും നിരീക്ഷനെ കേന്ദ്രമാക്കിയുള്ള പ്രപഞ്ചവീക്ഷണവും ഒരുപോലെ ശാസ്ത്രസത്യമാണെന്നാണ്. സൂര്യനെ കേന്ദ്രമാക്കിയുള്ള പ്രപഞ്ചവീക്ഷണം ഐൻസ്റ്റീന്റെ 'ഗണിതാധിഷ്ഠിത ലഘുമാതൃക' (Simple Mathematical Model) യാണ്. ഗണിതശാസ്ത്രപരമായി അതിനെ വിശകലനവിധേയമാക്കാൻ എളുപ്പമാണ്; പക്ഷേ, ഭൂമി കേന്ദ്രമാക്കിയുള്ള വിശകലനമോ ദുഷ്ക്കരവും. എന്നാൽ നിരീക്ഷകനെ കേന്ദ്രമാക്കി ഈ സമവാക്യത്തിന്റെ വിശകലനം അതിസങ്കീർണ്ണമാണ്. അതിനായി നിരീക്ഷകന്റെ ശരീരത്തെ അയാളുടെ 'നിശ്ചലാധാരം' (Rest Frame) ആയി സങ്കല്പിച്ചുകൊണ്ടുള്ള സമവാക്യശ്രേണികൾ ഉപയോഗപ്പെടുത്തണം. സൂര്യനെ കേന്ദ്രമാക്കി Gij = –KTij സമവാക്യം നിർദ്ധാരണം ചെയ്യുമ്പോഴാണ് ഭൂമിയുടേതുൾപ്പെടെ എല്ലാ ഗ്രഹങ്ങളുടെയും ചലന സംഭവാനുക്രമണികയായ ലോകരേഖ (World Line) ലഭിക്കുന്നത്. ഈ സമവാക്യങ്ങളുടെ സംശ്ലേഷണങ്ങളുടേയും നിർദ്ധാരണങ്ങളുടേയും എണ്ണം അനന്താതീതമാണ്(number of solutions are un-countably infinite). അതുകൊണ്ടുതന്നെ പറഞ്ഞാലും പറഞ്ഞാലും തീരാത്തത്ര അനന്ത സാദ്ധ്യതകളും, അവയിൽ അന്തർലീനമായിരിക്കുന്ന അനന്തകോടി പ്രതിഭാസങ്ങളുടെ രഹസ്യങ്ങളും ഐൻസ്റ്റീന്റെ ഈ സമവാക്യങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്നു.

നമ്മുടെ നാട്ടിലെ ഒരു വയലിൽ ഒരു കർഷകൻ മേടമാസത്തിൽ വിതക്കുന്നു എന്ന് വിചാരിക്കുക. നാലു മാസങ്ങൾക്കുശേഷം ചിങ്ങത്തിൽ ആ കർഷകൻ വിളവെട്ടുക്കുന്നു എന്നും കരുതുക. ഭൂമിയിൽ വസിക്കുന്ന നമ്മൾ ഇതാണ് കാണുന്നതെങ്കിൽ, സൂര്യനിൽനിന്നും നിരീക്ഷിക്കുന്ന ഒരാൾ കാണുന്നത്, ഈ വയൽ ഉൾപ്പടെ ഭൂഗോളം വിതക്കുമ്പോഴുള്ള അതിന്റെ സ്ഥാനത്തുനിന്നും സൂര്യനുചുറ്റുമുള്ള ഭ്രമണപഥത്തിലൂടെ സഞ്ചരിച്ച് മറ്റൊരു സ്ഥാനത്ത് എത്തുമ്പോഴാണ് വിളവെട്ടുപ്പ് നടക്കുന്നതെന്നാണ്. ഈ രണ്ടു സ്ഥാനങ്ങൾ തമ്മിലുള്ള ദൂരം സഞ്ചരിക്കാൻ ഭൂമി എടുക്കുന്ന സമയംകൊണ്ട് വിളയുടെ വളർച്ചയിലെ വിവിധ ഘട്ടങ്ങൾ നടന്നു കഴിഞ്ഞിരിക്കും, അഥവാ ഈ ഘട്ടങ്ങളോരോന്നും പൂർത്തിയാകുന്നത് ഭൂമി തന്റെ ഭ്രമണപഥത്തിലെ വിവിധ അകലങ്ങളിൽ എത്തുമ്പോഴുള്ള സ്ഥാനങ്ങളിൽ വച്ചാണ്. കർഷകനെ അപേക്ഷിച്ച് വിതയ്ക്കുക, കൊയ്യുക എന്നീ സംഭവങ്ങൾ ഒരു സ്ഥലത്ത് രണ്ടു സമയങ്ങളിൽ നടക്കുന്നു. ആ സമയദൈർഘ്യം 'T' ആണെന്നിരിക്കട്ടെ. സൂര്യനിൽ നില്ക്കുന്ന നിരീക്ഷകനെ അപേക്ഷിച്ച് ഈ രണ്ടു സംഭവങ്ങളും രണ്ടു സ്ഥലത്ത് രണ്ടു സമയങ്ങളിൽ നടക്കുന്നു. ആ സമയദൈർഘ്യമാകട്ടെ 'T' ആണെന്നും വിചാരിക്കുക. വിതയ്ക്കുക, കൊയ്യുക എന്നീ സംഭവങ്ങൾ തമ്മിലുള്ള ദൂരത്തിന്റെ വർഗ്ഗം $(CT)^2 = (CT)^2 - R^2$ ആണെന്നാണ് ഐൻസ്റ്റീൻ പറയുന്നത്. ഇവിടെ R എന്നത് വിതയ്ക്കുക, കൊയ്യുക എന്നീ സംഭവങ്ങൾ നടക്കുന്ന സ്ഥാനങ്ങൾ തമ്മിലുള്ള അകലവും, C എന്നത് പ്രകാശവേഗതയുമാണ്. ഗുരുത്വാകർഷണമണ്ഡലം വളരെ ശക്തി കുറഞ്ഞിരിക്കുന്ന (feeble gravitational field) സമയത്തേക്ക് നിർദ്ദേശിക്കപ്പെട്ട ഈ സമവാക്യം ഗുരുത്വാകർഷണമണ്ഡലത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകൾക്ക് അനുസൃതമായ മാറ്റങ്ങളോടെ വിവിധ ശ്രേണികളിലേക്ക് പരിവർത്തനം ചെയ്ത് വിശകലന വിധേയമാക്കാവുന്നതാണ്. വായനക്കാർക്ക് വിരസമാകുമെന്നതിനാൽ ക്ലിഷ്ടങ്ങളായ ആ സമവാക്യശ്രേണികൾ ഇവിടെ രേഖപ്പെടുത്തുന്നില്ല.

മറ്റുള്ള എല്ലാ ഭൗതികസാഹചര്യങ്ങളും ഒരുപോലെ ഇരുന്നാലും A എന്ന നിരീക്ഷകനെ സംബന്ധിച്ചും B എന്ന നിരീക്ഷകനെ സംബന്ധിച്ചുമുള്ള പ്രപഞ്ചവീക്ഷണം വ്യത്യസ്തമാണ്. അതിനനുസൃതമായി അവരിരുവരുടെ അനുഭവങ്ങളും വ്യത്യസ്തമായിരിക്കും. അതുകൊണ്ടുതന്നെ ഒരേ ജാതകങ്ങളും ഒരു ജ്യോതിഷി വിവരിക്കുന്നത് വ്യത്യസ്തമായിട്ടാണെ

ങ്കിൽ ശാസ്ത്രീയമായി അത് തെറ്റാണെന്ന് സമർത്ഥിക്കാൻ സാധ്യമല്ല. ഇക്കാര്യം ഐൻസ്റ്റീന്റെ ഭാഷയിൽ പറഞ്ഞാൽ; $g_{ij}(A) \neq g_{ij}(B)$ എന്നാണ്. ഇവിടെ $g_{ij}(A)$, $G_{ij}(B)$ എന്നിവ വ്യത്യസ്തരായ രണ്ട് നിരീക്ഷകരുടെ 'കാലദേശ മെട്രിക് ടെൻസർ' (Metric Tensor of Spacetime) ആണ് ഐൻസ്റ്റീന്റെ ഫീൽഡ് സമവാക്യങ്ങൾ നിർദ്ധാരണം ചെയ്യുന്നതിൽ നിന്നാണ് (solving Einstein's Field equations) ഈ കാലദേശ മെട്രിക് ടെൻസർ (metric tensor of spacetime) ലഭിക്കുന്നത്. ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തപ്രകാരം എല്ലാ സംഭവങ്ങളും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട യാഥാർത്ഥ്യങ്ങളാണ് (According to Relativity theory every event is 'predetermined absolute reality').

ഭൂമിയിലെ എല്ലാ സംഭവങ്ങളും പ്രപഞ്ചനിയമങ്ങളാൽ നിയന്ത്രിതമാണെന്നും, ക്രമീകൃതവും അനിഷേധ്യവുമായ ഈ നിയമങ്ങൾ ഭൂമിയിലെ സമസ്ത ജീവജാലങ്ങളേയും സ്വാധീനിക്കുന്നുണ്ടെന്നും, ഓരോ വ്യക്തിയും ജനനം മുതൽ മരണംവരെയുള്ള തന്റെ ജീവിതയാത്രയിൽ ഈ പ്രപഞ്ചനിയമങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു എന്നുമാണ് ഇതിൽനിന്നെല്ലാം വെളിവാകുന്നത്. ഭാരതീയ വിശ്വാസപ്രകാരമുള്ള തലയിലെഴുത്ത് അഥവാ തലവിധി എന്നത് ഗ്രഹനക്ഷത്രാദികളുടെ സ്ഥിതിയുൾപ്പെട്ട പ്രപഞ്ചഘടന മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചതാണെന്ന് (predetermined) പറയേണ്ടിവരും. ഒരു സാധാരണ മനുഷ്യന്റെ മസ്തിഷ്കത്തിന് സ്വീകരിക്കാനും ഗ്രഹിക്കാനും, വിശകലനം ചെയ്യുവാനും കഴിയുന്ന ഒരു തരംഗദൈർഘ്യശ്രേണി (bandwidth) ഉണ്ട്. അതിന് അപ്പുറത്തേക്കോ ഇപ്പുറത്തേക്കോ കാണാനോ കേൾക്കാനോ അനുഭവിക്കാനോ അവനു കഴിയുകയില്ല. ഋഷിമാരേയും പൗരാണികാചാര്യന്മാരേയും പോലെ തൃതീയമാനത്തിനുമപ്പുറം തുരീയമാനത്തിൽ ചിന്തിക്കുവാൻ (4th dimensional mind) സാധിക്കുന്ന ഒരു മനസ്സിന്റെ ഉടമയ്ക്ക് ഒരുപക്ഷേ ഈ തലയിലെഴുത്തിന്റെ ഉള്ളടക്കം കുറേയൊക്കെ മനസ്സിലാക്കാൻ സാധിച്ചേക്കാം. അതിനാൽ നൂറ്റാണ്ടുകളായി നടന്ന നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തപ്പെട്ട നിയമങ്ങൾ (empirical relations) ഉപയോഗിച്ച് ജ്യോതിഷികൾ നടത്തിവരുന്ന ഫലപ്രവചനങ്ങൾ പൂർണ്ണമായും തെറ്റാണെന്ന് പറയുവാൻ സാധ്യമല്ല. ഫലനിർണ്ണയത്തിന് ജ്യോതിഷശാസ്ത്രം അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്ന രാഹു-കേതു ഉൾപ്പടെയുള്ള നവഗ്രഹങ്ങളും ലഗ്നഗുളികാദി സമയവിശേഷങ്ങളും താ

ത്ത്വികമായി ഗണിതശാസ്ത്ര സിദ്ധങ്ങളായ വസ്തുതകളാണെന്നത് ഏറ്റവും പ്രസക്തമാണ്. അതുകൊണ്ട് അവ നക്ഷത്രങ്ങളോ ഗ്രഹങ്ങളോ ഉപഗ്രഹങ്ങളോ ആണെന്നതോ, ദൃശ്യമായ ആകാരം ഇല്ല എന്നതോ ഒന്നുംതന്നെ ജ്യോതിഷത്തിലെ ഫലനിർണ്ണയവിഷയത്തിൽ ഒരു ന്യൂനതയല്ല. പ്രസക്തവുമല്ല.

ഭാവിഫലപ്രവചനഉപകരണം എന്ന തരത്തിൽ ജ്യോതിഷത്തിന്റെ ഉപയോഗവും, ഉപഭോഗവും വ്യാവസായികമായി കുതിച്ചുയരുമ്പോഴും ഒരു ശാസ്ത്രമെന്ന നിലയിൽ ജ്യോതിഷത്തിന്റെ പ്രമാണതലത്തിൽ പഠനവും ഗവേഷണവും നടക്കുന്നില്ല എന്നത് ഒരു വൈരുദ്ധ്യമായി നിലനില്ക്കുന്നു. ജ്യോതിഷം എന്താണെന്നുപോലും പഠിക്കാതെയാണ് ഇന്നു ചിലർ ജ്യോതിഷത്തെ വിമർശിക്കുന്നതും അതിനെ കപടശാസ്ത്രമെന്നു പറഞ്ഞ് പുച്ഛിച്ചുതള്ളുന്നതും. അവരിൽ അഭിനവ ബുദ്ധിജീവികൾ മുതൽ നോബൽ സമ്മാന ജേതാക്കൾ വരെ ഉൾപ്പെടും. മനുഷ്യസമൂഹത്തിന് ഏറെ ഉപയോഗപ്രദമായേക്കാവുന്ന വേദാംഗജ്യോതിഷത്തിന് ഇന്നത്തെ കാലഘട്ടത്തിന് അനുയോജ്യമാകുംവിധം കൂടുതൽ കൃത്യതയും സ്വീകാര്യതയും ഉണ്ടാകേണ്ടതിലേക്ക് സമഗ്രമായ പഠനഗവേഷണങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു.

---

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.വി.
ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞലക്കം തുടർച്ച)

ശ്ലോകം 1

*ന ധ്യായതോ ന ജപതഃ സ്യാദ്യസ്യാവിധിപൂർവ്വകം*
*ഏവമേവ ശിവാഭാസസ്തം നമോ ഭക്തിശാലിനം*

സാരം : ആർക്കാണോ ധ്യാനം, ജപം എന്നീ ഉപാധികളിലൂടെ അ

ല്ലാതെ (ധ്യാനം, ജപം ഇവയ്ക്ക് അതീതമായി) വിധിപൂർവ്വമല്ലാതെ ഈശ്വരാനുഗ്രഹത്താൽ ശിവാനുഗ്രഹം പ്രാപ്തമായത് ആ ഭക്തജനത്തെ ഞാൻ പ്രണമിക്കുന്നു.

വ്യാഖ്യാനം : യസ്യ ഏവമേവ - മായിയോപായം വിനാ, ശിവാഭാസഃ - ശിവരൂപസ്വാത്മപ്രഥാ സ്യാത്, തം, ഭക്ത്യൈവ - സമാവേശമയ്യാ ശാലിനം - ശ്ലാഘമാനം ന തു തദരിക്തഫലാകാംക്ഷാ-കളങ്കിതം ഭക്തജനം, നമഃ - ഭക്തിചമത്ക്കാരവശപ്രഥിതശിവ-ഭട്ടാരകാഭേദഭക്തിമന്നതിമുഖേന തദഭിന്നശിവാവേശമയാ ഭവാമ ഇതി യാവത്. 'ഏവമേവ' - ഇത്യനേന സൂചിതമലൗകികക്രമം ദർശയതി - 'ന ധ്യായത' - ഇത്യാദിനാ സർവ്വസ്യ ഹി ധ്യാനജപപ്രമുഖം ധ്യേയജപ്യസ്വരൂപം നിയതാകാരമേവ പ്രഥതെ, ഭക്തിശാലിനസ്തു അനുപായമേവ നിരാകാരം സർവ്വാകാരം ചിദാനന്ദഘനം ശിവാത്മസ്വരൂപം സർവ്വദാ സ്ഫുരതി. അത ഏവാഹ - 'അവിധിപൂർവ്വകം' - ഇതി. വിധീയത ഇതി വിധിരിജ്യധ്യാനാദിഃ[1] പൂർവ്വം കാരണം യത്ര, തഥാ കൃത്വാ സർവ്വവിധീനാം സങ്കുചിതത്വാദസങ്കുചിതസ്വരൂപം പ്രത്യുപായത്വാഭാവാത് തത്വസമാവേശധനൈരേവ[2] പ്രതിഭാപ്രസാദനപ്രമുഖമവാപ്യതെ[3]. യഥോക്തം ശ്രീപൂർവ്വശാസ്ത്രേ.

'ന ചാത്ര വിഹിതം കിഞ്ചിത്[4]
ന ചാപി പ്രതിഷിധ്യതേ.'

(മാലിനീവിജയോത്തരതന്ത്രം, അ. 18, ശ്ലോ. 77)

ഇത്യാദി

*'അകിഞ്ചിച്ചിന്തകസ്യൈവ ഗുരുണാ പ്രതിബോധതഃ*
*ജായതേ യഃ സമാവേശഃ ശാംഭവോസാവുദാഹൃതഃ'*

(മാലിനീവിജയോത്തരതന്ത്രം അ. 2, ശ്ലോ. 23)

ഇത്യാദി ഗീതാസ്വപി

*'മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ*
*ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ'*

(ഭഗവദ്ഗീത, അ. 12, ശ്ലോ. 2)

---

1. ഇജ്യാധ്യയനാദി, ഇജ്യാധ്യാനാദിപൂർവ്വഃ എന്ന് പാഠഭേദങ്ങൾ
2. തത്തത്സമാവേശധനൈഃ, തത്ത്വസമാവേശധനൈഃ എന്ന് പാഠഭേദങ്ങൾ
3. ആപ്യതേ എന്ന് ഒരു പാഠഭേദം
4. നാസ്മിൻവിധീയതേ കിഞ്ചിത് എന്ന് പാഠഭേദം പൂർവ്വശാസ്ത്രത്തിൽ

ഇത്യാദികം. ധ്യാനജപാഭ്യാം പ്രകാശവിമർശസ്വരൂപാഭ്യാം പൂജന ഹവനാദി സർവ്വം സംഗൃഹീതമിതി പ്രാധാന്യാത്താവേവേഹോക്തൗ.

പരിഭാഷ : ആർക്കാണോ ഇപ്രകാരം മായീയോപായം കൂടാതെ (ധ്യാനം, ജപം എന്നീ ഉപാധികൾക്ക് അതീതമായി) അനുപായത്താൽ ശിവാനുഗ്രഹത്തെ (ശിവരൂപം സ്വന്തം ആത്മാവിൽ നിറഞ്ഞിരിക്കുന്ന ത്) പ്രാപ്തമായത്, അതായത് ഭക്തിയാകുന്ന സമാവേശത്തിൽ മുഴുകിയി രിക്കുന്നവനും, ഫലാഗ്രഹത്താൽ കളങ്കിതരല്ലാത്തവനും ഭക്തിചമത്കാ രാവേശത്താൽ ശിവനിൽനിന്ന് അഭേദനല്ലാത്തവനും, ഭക്തിമാനുമായ അവനെ ഞാൻ പ്രണമിക്കുന്നു. ഭക്തിയിൽനിന്ന് ഭിന്നമല്ലാതെ ശിവാവി ഷ്ടരായിത്തീരട്ടെ എന്ന് അർത്ഥം. ഇപ്രകാരം എന്നുള്ളതുകൊണ്ട് സൂചി തമായ അലൗകികക്രമത്തെ കാണിക്കുന്നു. ധ്യാനംകൊണ്ട് അല്ലാതെ എന്നുള്ളതുകൊണ്ട് അലൗകികക്രമത്തെയാണ് കാണിക്കുന്നത്. എല്ലാ വർക്കും ധ്യാനംകൊണ്ട് ഉണ്ടാകുന്ന ധ്യേയമായസ്വരൂപവും, ജപംകൊ ണ്ട് ഉണ്ടാകുന്ന ജപ്യമായ സ്വരൂപവും നിയതാകാരമാണെന്നുള്ളത് (ശാസ്ത്രവിധിയ്ക്കനുസരിച്ചുള്ളത്) പ്രശസ്തമാണ്. എന്നാൽ ഭക്തിശാലികൾ ക്ക് ആകട്ടെ ഉപായങ്ങളൊന്നും കൂടാതെ തന്നെ നിരാകാരവും സർവ്വാ കാരവും (പ്രപഞ്ചസ്വരൂപവും) ചിദാനന്ദഘനവുമായ ശിവാത്മസ്വരൂപം എല്ലായ്പ്പോഴും സ്ഫുരിക്കുന്നു. അതുകൊണ്ടുതന്നെയാണ് 'അവിധിപൂർവ്വകം' എന്നു പറയുന്നത്. വിധിക്കുന്നതാണ് വിധി. വിധി എന്നതുകൊണ്ട് ഇ ജ്യ, ധ്യാനം എന്നിവകളെ പറയുന്നു. ഈ വിധികൾ എന്തിനാണോ കാരണമായിത്തീരുന്നത് അത് ശിവാവേശം. എല്ലാ വിധികളും സങ്കുചി തമാണെന്നതുകൊണ്ടും അസങ്കുചിതസ്വരൂപത്തിന്റെ പ്രാപ്തിക്ക് സങ്കു ചിതസ്വരൂപത്തോടുകൂടിയ ധ്യാനജപാദികൾ ഉപായങ്ങൾ അല്ലാത്തതു കൊണ്ടും ഇത് പ്രാപ്യമായത് ശിവസമാവേശത്താൽ പ്രതിഭാപ്രസാദം ലഭിച്ചവർക്കു മാത്രമാണ്. ശ്രീപൂർവ്വശാസ്ത്രത്തിൽ (മാലിനീവിജയോത്ത രതന്ത്രത്തിൽ) പറഞ്ഞതുപോലെ :

'ന ചാത്ര വിഹിതം കിഞ്ചിത്
ന ചാപി പ്രതിഷിധ്യതേ.'

(മാലിനീവിജയോത്തരതന്ത്രം, അ. 18, ശ്ലോ. 77)

സാരം : ഇവിടെ വിഹിതമായതോ അവിഹിതമായതോ എന്നില്ല. അതായത് ഇവിടെ ചെയ്യേണ്ടതായിട്ടും ചെയ്യരുതാത്തതായിട്ടും ഒന്നുമി ല്ല. (ജപധ്യാനാദികൾ ചെയ്യുകയോ ചെയ്യാതിരിക്കുകയോ വേണ്ടതില്ല. കാരണം അനുപായംകൊണ്ടുതന്നെ ശിവസമാവേശം ലഭിച്ചതാണ്).

*'അകിഞ്ചിച്ചിന്തകസ്യൈവ ഗുരുണാ പ്രതിബോധതഃ*
*ജായതേ യഃ സമാവേശഃ ശാംഭവോസാവുദാഹൃതഃ'*

(മാലിനീവിജയോത്തരതന്ത്രം അ. 2, ശ്ലോ. 23)

സാരം : ഗുരുവിന്റെ പ്രതിബോധനത്താൽ ചിന്തകൾ ഒന്നുമില്ലാത്തവന് യാതൊരു സമാവേശമാണോ ഉണ്ടാകുന്നത്, ആ സമാവേശത്തെ ശാംഭവസമാവേശം എന്നു പറയുന്നു.

ഗീതയിങ്കൽ :

*'മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ*
*ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ'*

(ഭഗവദ്ഗീത, അ. 12, ശ്ലോ. 2)

സാരം : ആരാണോ എന്നിൽ മനസ്സ് ആവേശിപ്പിച്ച് നിത്യവും എന്നെ ഉപാസിക്കുന്നത്, അങ്ങേയറ്റം ശ്രദ്ധയോടുകൂടിയ അവർ എനിക്ക് വേണ്ടപ്പെട്ടവരാകുന്നു.

പ്രകാശവിമർശസ്വരൂപങ്ങളായ ധ്യാനജപങ്ങളിൽ പൂജ, ഹോമം ഇത്യാദികളായ എല്ലാത്തിനേയും സംഗ്രഹിച്ചിരിക്കുന്നു. പൂജഹോമങ്ങൾക്കാണ് പ്രാധാന്യം എന്നുള്ളതുകൊണ്ടാണ് ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞത്.

(തുടരും)

---

### മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം

(ശ്രീമദ്യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

ഏവം പ്രകരണതാത്പര്യമദ്വയസ്വരൂപം സ്തുതിദ്വാരേണ പ്രതിപദ്യേദാനീം ശാസ്ത്രാവതാരമഭിദധത് സംബന്ധാഭിധേയാദികം ഗ്രന്ഥകൃദാര്യാദ്വയേനാഹ.

*2. ഗർഭാധിവാസപൂർവ്വകമരണാന്തകദുഃഖചക്രവിഭ്രാന്തഃ*

*ആധാരം ഭഗവന്തം ശിഷ്യഃ പപ്രച്ഛപരമാർത്ഥം.*

3. *ആധാരകാരികാഭിസ്താം ഗുരുരഭിഭാഷതേ സ്മ തത്സാരം കഥയത്യഭിനവഗുപ്തഃ ശിവശാസനദൃഷ്ടിയോഗേന.*

സാരം : ഇപ്രകാരം ഈ പ്രകരണഗ്രന്ഥത്തിന്റെ[7] സാരമാകുന്ന ശിവാദ്വയസ്വരൂപത്തെ മംഗളശ്ലോകത്തിലെ സ്തുതിയിലൂടെ പ്രതിപാദിച്ചിട്ട് തുടർന്ന് സംബന്ധചതുഷ്ടയങ്ങളെ[8] ഇനി പറയാൻ പോകുന്ന 2 ആര്യാശ്ലോകങ്ങളിലൂടെ[9] വിശദീകരിച്ച് ശാസ്ത്രപ്രതിപാദനം ചെയ്യുന്നു.

2. ഗർഭാധാനം (ജനനം) തുടങ്ങി മരണത്തിൽ അവസാനിക്കുന്ന ദുഃഖമയമാകുന്ന സംസാരചക്രത്താൽ പീഡിതനായ ശിഷ്യൻ ശ്രീമദാദിശേഷ ഭഗവാനോട് സംസാരപരമാർത്ഥത്തെപ്പറ്റി ചോദിച്ചു.
3. അതിനു മറുപടിയായി ശ്രീമദാദിശേഷഭഗവാൻ അരുളിയ കാരികാസാരങ്ങളെ ശിവാദ്വയരൂപത്തിൽ അഭിനവഗുപ്തനാകുന്ന ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

## വിവൃതി

കശ്ചിദ് ഭഗവദ് പ്രസാദാത് സമുത്പന്ന വൈരാഗ്യഃ സംസാരാദ്വിരതമതിർഗുരോഃ ശാസനീയോ/സ്മീതി മത്വാ സദ്ഗുരും ആധാരം ഭഗവന്തം ശേഷാഖ്യം മുനിം സംമ്യഗാരാദ്ധ്യ പരമാർത്ഥോപദേശം പൃഷ്ടവാൻ.

---

7. ഏതൊരു ശാസ്ത്രത്തിന്റെയും അടിസ്ഥാന സിദ്ധാന്തങ്ങളെ പരാമർശിക്കുന്ന ഗ്രന്ഥത്തിന് പ്രകരണഗ്രന്ഥമെന്നാണ് പേര്.
8. ഏതൊരു ശാസ്ത്രവും ആരംഭിക്കുന്നത് സംബന്ധചതുഷ്ടയ പ്രതിപാദനത്തിലൂടെയാണ്. അധികാരി, വിഷയം, സംബന്ധം, പ്രയോജനം എന്നിവയാണ് അവ. ശാസ്ത്രപഠനത്തിന് യോഗ്യനായ അധികാരിയുടെ ലക്ഷണം, ശാസ്ത്രത്തിൽ പ്രതിപാദിക്കാൻ പോകുന്ന വിഷയം, ഗ്രന്ഥവും അതിലെ പ്രതിപാദ്യവിഷയവും തമ്മിലുള്ള സംബന്ധം (അധികാരിയും ശാസ്ത്രവും തമ്മിലുള്ള സംബന്ധം), ശാസ്ത്രാവതരണത്തിലൂടെയുള്ള പ്രയോജനം ഇത്രയുമാണ് സംബന്ധ ചതുഷ്ടയങ്ങൾ.
9. ആര്യാ എന്നത് ഒരു വൃത്തവിശേഷമാകുന്നു.
*ലക്ഷ്മൈതത് സപ്തഗണാ ഗോപേതാ ഭവതിനേഹ വിഷയേജഃ*
*ഷഷ്ഠോ/യം നലഘൂ വാ പ്രഥമോ/ർദ്ധേ നിയതമാര്യായാഃ.*
(വൃത്തരത്നാകരം അ. 2, ശ്ലോ. 1)

തദാ തദ്യോഗ്യതാ പരിപാകസ്വരൂപ പരിശീലനക്രമേണ തം ശിഷ്യം വിഗളിതാന്തഃകരണം മത്വാ സോഽപ്യനന്തനാഥോ നിഃശേഷശാസ്ത്രോപദേശജ്ഞഃ പരമാർത്ഥസാരനാമ്നാ ആധാരകാരികാഭിഃ ഇത്യപരാഭിധാന ഗ്രന്ഥേന സാംഖ്യനയോപാദേശാനുസാരേണ പ്രകൃതിപുരുഷവിവേകജ്ഞാനാത് പരബ്രഹ്മാവാപ്തിരിത്യേവമേതം ശിഷ്യം പ്രോക്തവാൻ. സ ഏവ ബ്രഹ്മോപദേശഃ പരമാദ്വയസ്വരൂപ സ്വസ്വാതന്ത്ര്യദൃഷ്ട്യാ പ്രതിപാദിതഃ സൻ യുക്തിയുക്തോ ഭവതീതി മത്വാ സർവ്വം ജനമനുഗ്രഹീതും പരമാദ്വയശൈവനയുക്ത്യാ ഗുരുരഭിനവേന അലൗകികേന ചിത്ചമത്കാരസ്ഫാരേണ ഗുപ്തഃ ഗുഹ്യഃ സരഹസ്യം ഇതി സോഽയം പുണ്യനാമാക്ഷരാവലിഃ തത്സാരം തസ്യ പരമാർത്ഥോപദേശസ്യ യത്സാരം ദധ്നോ നവനീതമിവോപാദേയം പരാനുഗ്രഹപ്രവൃത്തഃ സൻ പ്രതിപാദയതീതി. പ്രയോജനാദയ ഉപപാദിതാഃ നേഹ പുനഃശാസ്ത്രഗൗരവഭയാത് പ്രതന്യതേ. കീദൃശഃ സഃ ശിഷ്യഃ ഇത്യാഹ. ഗർഭാധിവാസ ഇതി. ഗർഭാധിവാസപ്രാരംഭം ജായതേഽസ്തി വർദ്ധതേ, വിപരിണമതേഽപക്ഷീയതേ വിനശ്യതീതി തത്തദവസ്ഥാ വൈചിത്ര്യേണ ഷഡ്ഭാവവികാരനേമിയുക്തം യത് മരണാന്തകദുഃഖസ്വരൂപം ആവിർഭാവ തിരോഭാവാത് സംസരണസ്വഭാവതയാ ചക്രമിവ, ചക്രം തസ്മിൻ വിഭ്രാന്തഃ വിപരിവൃതഃ അനേനാസ്യ പ്രാഗ്ജാതി മരണസ്വഭാവോ ബോധാവിർഭാവോ ദ്യോതിതോഽന്യഥാ കഥം കാഷ്ഠാപ്രാപ്തി ലക്ഷണം കുതൂഹലിത്വം സ്യാത്. ഏവം ച യഃ സമുത്പന്നവൈരാഗ്യഃ പരമേശ്വരാനുഗ്രഹശക്തിവിദ്ധഹൃദയഃ സമുദിത സമ്യഗ്ജ്ഞാന ഉപദേശപാത്രതാമവാപ്യപരമേശ്വരാകാരം സമുചിതമപി ഗുരും സമാസാദ്യപരമാദ്വയജ്ഞാനമഭിലഷതേ. സ ഏവ ഗുരൂപദേശഭാജനം സ്യാദിതി. ഏതദേവ ചാന്യത്രോക്തം.

'ശക്തിപാതവശാദ്ദേവി നീയതേ സദ്ഗുരുംപ്രതി.'

ഇതി. ഇഹ ച പുരസ്താദ്വക്ഷ്യതേ.

## പരിഭാഷ

ഒരു വ്യക്തി ഈശ്വരാനുഗ്രഹത്താൽ വിരക്തനായി സംസാരത്തിൽ നിന്നും വിരമിച്ച് ആദിശേഷനെന്ന പേരായ ഒരു മുനിയെ സമീപിച്ച് (ഈ ശേഷമുനി പതഞ്ജലിമഹർഷിയാണെന്നും പറയപ്പെടുന്നു) യഥാവിധി സേവിച്ച് സംസാരത്തിന്റെ പാരമാർത്ഥികതയെ ഉപദേശിച്ചുതരുവാനായി അപേക്ഷിച്ചു. അതനുസരിച്ച് സകലശാസ്ത്രങ്ങളുടെയും സാരത്തെ അറിഞ്ഞിരിക്കുന്നവനായ ആ ആദിശേഷഭഗവാൻ, ശിഷ്യൻ യോഗ്യതാപരിപാക പരിശീലനത്തിലൂടെ അന്തഃകരണശുദ്ധി വന്നവ

നാണെന്നു മനസ്സിലാക്കി അവന് സാംഖ്യതത്ത്വത്തിൽ പ്രതിപാദിച്ചിരിക്കുന്നതായ രീതിയിൽ (പ്രകൃതിപുരുഷവിവേകജ്ഞാനത്തിൽനിന്നും പരമപുരുഷപ്രാപ്തി) ആധാരകാരിക എന്ന അപരനാമത്തോടുകൂടിയ 'പരമാർത്ഥസാര'ത്തെ ഉപദേശിച്ചു. ഈ ഉപദേശത്തെ പരമാദ്വയസ്വരൂപത്തിൽ പ്രതിപാദിക്കുന്നത് യുക്തമാണെന്നുറച്ച് സർവ്വജനാനുഗ്രഹത്തിനായിക്കൊണ്ട് പുണ്യനാമാക്ഷരാവലിയായ ശ്രീമദഭിനവഗുപ്തപാദരാൽ അതിരഹസ്യമായ രീതിയിൽ അലൗകികചിത്ശക്തിയിൽനിന്നുണ്ടായ പ്രതിഭയാൽ തൈരു കടഞ്ഞു വെണ്ണയെടുക്കുന്നതുപോലെ എടുത്തു പ്രതിപാദിക്കപ്പെടുന്നു. ഇപ്രകാരം സംബന്ധചതുഷ്ടയങ്ങളെ വിശദമാക്കപ്പെട്ടു.[10] വിസ്താരഭയത്താൽ ഇവിടെ കൂടുതൽ നീട്ടുന്നില്ല. അനന്തരം ശിഷ്യയോഗ്യതയെപ്പറ്റി പറയുന്നു. ഗർഭാധാനം മുതൽ മരണംവരെയുള്ള ജാതി, സത്ത, വൃദ്ധി, വിപരിണാമം,[11] അപക്ഷയം, വിനാശം എന്നീ വികാരങ്ങളോടുകൂടിയതും ആവിർഭവിക്കുക, തിരോഭവിക്കുക എന്നീ ലക്ഷണങ്ങളോടുകൂടിയതുമായ ദുഃഖചക്രത്താൽ വിഭ്രാന്തനായവനാകുന്നു ശിഷ്യൻ. ഈ വിഭ്രാന്തിക്കു കാരണം പൂർവ്വജന്മങ്ങളെപ്പറ്റിയുള്ള അയാളുടെ സ്മരണതന്നെയാണ്. ഇങ്ങനെ പരമജ്ഞാനത്തിനുള്ള ഇച്ഛ ഹൃദയത്തിൽ ജനിക്കുകവഴി യോഗ്യനായ ഒരു ഗുരുവിനെ സമീപിച്ച് അദ്ദേഹത്തോട് ജ്ഞാനത്തെ യാചിക്കുന്നവൻ തന്നെയാണ് ഗുരൂപദേശത്തിന് അർഹനായവൻ. 'ഹേ ദേവീ! ശക്തിപാതമുള്ളവൻ സ്വയമേവ സദ്ഗുരു സമീപനം നയിക്കപ്പെടുന്നു.' (എന്നൊരു മഹദ്വചനമുണ്ട്). ഇവിടെ ഇനി മുന്നോട്ട് വിശദീകരിക്കുന്നു.

അധുനാസമുത്പത്തിക്രമേണ പീഠികാബന്ധം വിധായ വിശ്വവൈചിത്ര്യചിത്രേ/സ്മിജ്ജഗതി പരമേശ്വരമനുത്തമം സ്വാതന്ത്ര്യമേകമേവ സംയോജനവിയോജന കർത്തൃത്വഹേതുരിതി തച്ഛക്തിവികാസമേകമേ

---

10. ഇവിടെ സംബന്ധം, അഭിധേയം, അഭിധാനം, പ്രയോജനം, എന്ന ക്രമത്തിലാണ് സംബന്ധചതുഷ്ടയങ്ങളെ സ്വീകരിച്ചിട്ടുള്ളത്. യോഗ്യനായ ശിഷ്യനും ശാസ്ത്രവും തമ്മിലുള്ള സംബന്ധം, ശാസ്ത്രത്തിലെ പരാമർശവിഷയമായ അഭിധേയം, ഗ്രന്ഥനാമമാകുന്ന അഭിധാനം, ഗ്രന്ഥപ്രയോജനം എന്നിവയാണ് അവ.

11. ജനിക്കുന്നു, ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നു, വർദ്ധിക്കുന്നു, പരിണമിക്കുന്നു, ക്ഷയിക്കുന്നു, നശിക്കുന്നു. ഇതാണ് എല്ലാ ജീവന്റെയും അവസ്ഥ. ഇവയാണ് ദുഃഖചക്രമെന്ന് ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്.

വ വിശ്വമണ്ഡചതുഷ്ടയമുഖേനാവേദയൻ ഗ്രന്ഥമവതാരയതി.

*4. നിജശക്തിവൈഭവഭരാദണ്ഡചതുഷ്ടയം വിഭാവേന*
*ശക്തിർമ്മായാ പ്രകൃതിഃ പൃഥ്വീ ചേതി പ്രഭാവിതം പ്രഭുണാ.*

സാരം : വിചിത്രങ്ങളാകുന്ന വിശ്വചിത്രരൂപങ്ങളോടുകൂടിയ ഈ ജഗത്തിന്റെ സംയോജനവിയോജനത്തിനു കാരണം മഹേശ്വരന്റെ സ്വാതന്ത്ര്യശക്തിയാകുന്നു. ആ ശക്തിവികാസത്താൽത്തന്നെയാണ് ഈ വിശ്വം അണ്ഡചതുഷ്ടയത്തോടുകൂടിയതാകുന്നതെന്ന് ഇനി ഗ്രന്ഥത്തിൽ പരാമർശിക്കുന്നു. സ്വശക്തിവൈഭവത്താൽ ശക്ത്യണ്ഡം, മായാണ്ഡം, പ്രകൃത്യണ്ഡം, പൃഥിവ്യണ്ഡം എന്നീ അണ്ഡചതുഷ്ടയങ്ങൾ ആ പരമശിവനാൽ നിർമ്മിക്കപ്പെട്ടു.

## വിവൃതി

ചിദാനന്ദൈകഘനേന പ്രഭുണാ സ്വാതന്ത്ര്യേണ ഭഗവതാ മഹേശ്വരാണ്ഡചതുഷ്ടയം വിശ്വാച്ഛാദകത്വേന കോശരൂപതയാ വസ്തുപിണ്ഡഭൂതമിദം. യദുക്തം -

'വസ്തുപിണ്ഡോഽണ്ഡമുച്യതേ'. ഇതി.

പ്രഭാവിതം പ്രകാശിതം. ഭവനകർത്തൃതയാ വാ പ്രയുക്തം. കസ്മാദിത്യാഹ. നിജശക്തിവൈഭവഭരാദിതി. നിജഃ സ്വാത്മീയോ യോഽസാവസാധാരണ ഇച്ഛാദ്യഃ ശക്തിപ്രചയഃ തസ്യയത് വൈഭവം വിചിത്രഃ പ്രസരസ്തസ്യയോഽസൗഭരഃ സമുദ്രേകസ്തസ്മാദിതി. ഭഗവതഃ കില സ്വശക്തിവികാസസ്സാര ഏവ ജഗന്നിർമ്മാണം. യദുക്തം ശ്രീസർവ്വമങ്ഗളശാസ്ത്രേ-

*ശക്തിശ്ച ശക്തിമാംശ്ചൈവ പദാർത്ഥദ്വയമുച്യതേ*
*ശക്തയോഽസ്യ ജഗത്സർവ്വം ശക്തിമാംസ്തു മഹേശ്വരഃ*

കിം രൂപാണ്ഡചതുഷ്ടയ സംഖ്യേത്യാഹ. ശക്തിർമ്മായാപ്രകൃതിഃ പൃഥ്വീ ച ഇതി. വിശ്വസ്യ പ്രമാതൃപ്രമേയരൂപസ്യ പരാഹന്താ ചമത്കാരസാരസ്യാപി സ്വസ്വരൂപാപോഹനാത്മാഖ്യാതിമയീ നിഷേധവ്യാപാരരൂപായാ പരാമേശ്വരീ ശക്തിഃ സൈവാച്ഛാദകത്വേനബന്ധകതയാ ശക്ത്യണ്ഡമിത്യുച്യതേ. സദാശിവേശ്വര ശുദ്ധവിദ്യാതത്ത്വപര്യന്തദളം സദ്വക്ഷ്യമാണമണ്ഡത്രിതയമന്തഃ സമന്താത് ഗർഭീകൃത്യാവതിഷ്ഠത ഇതി കോശരൂപതയൈഷാ ശക്തിരനേന ശബ്ദേനസംജ്ഞിതാ. ഏതസ്മിന്നണ്ഡേ സദാശിവേശ്വരാവേവാധിപതീ.

അന്യച്ച മലത്രയ സ്വഭാവം മോഹമയം ഭേദൈകപ്രവണതയാ സർ

വ്വപ്രമാതൃണാം ബന്ധരൂപം പുംസ്ത്വപര്യന്തദളം മായാഖ്യണ്ഡമിത്യുച്യതേ. തച്ച വക്ഷ്യമാണമണ്ഡദ്വയമന്തഃ സമന്താത് സ്വീകൃത്യ സ്ഥിതം. അണ്ഡാധിപതിശ്ചാത്രഗഹനാഭിധാനോ രുദ്രഃ.

തഥാ സത്ത്വരജസ്തമോമയീ പൃഥിവിഃ കാര്യകാരണാത്മനാ പരിണതാ സതീ പശുപ്രമാതൃണാം ഭോഗ്യരൂപാ സുഖദുഃഖമോഹരൂപതയാ ബന്ധയിത്രീ പ്രകൃത്യഭിധാനമണ്ഡമിത്യുച്യതേ. തത്രാപി മഹാവിഭൂതിഃ ശ്രീഭഗവാൻ വിഷ്ണുർഭേദപ്രധാനോ ऽണ്ഡാധിപതിഃ.

തഥാപൃഥ്വീചൈവം മനുഷ്യസ്ഥാവരാന്താനാം പ്രമാതൃണാം പ്രതിപ്രാകാരരൂപതയാ സ്ഥൂലകഞ്ചുകമയീ ബന്ധയിത്രീതി കൃത്വാ പൃഥിവ്യണ്ഡമിത്യുച്യതേ. തത്രാപി ചതുർദ്ദശവിധേ ഭൂതസർഗ്ഗേ പ്രധാനതയാ അണ്ഡാധിപോ ഭഗവാൻ ബ്രഹ്മേതി. ഏവം പരമേശ്വരവിജൃംഭിതമണ്ഡചതുഷ്ടയം ഭഗവതേത്ഥം പ്രകാശിതം പരിസ്ഫുരതി.

## പരിഭാഷ

ചിദാനന്ദഘനനായ മഹേശ്വരൻ സ്വസ്വാതന്ത്ര്യത്താൽ സർവ്വജഗത്തിനേയും ആച്ഛാദനം ചെയ്തിരിക്കുന്ന (മറച്ചിരിക്കുന്ന) രൂപത്തിലുള്ള അണ്ഡചതുഷ്ടയങ്ങളെ നിർമ്മിച്ചു. 'വിവിധ വസ്തുക്കളുടെ സമുദായത്തെ അണ്ഡമെന്നു പറയുന്നു.' ഈ അണ്ഡചതുഷ്ടയമായുള്ള ജഗത്തിന്റെ വിഭജനത്തിന് കാരണമായിട്ടുള്ളത് മഹേശ്വരന്റെ അസാധാരണമായ ഇച്ഛാദിസമൂഹത്തിൽനിന്നുമുണ്ടായ സ്വശക്തിവികാസത്താൽത്തന്നെയാണ്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ശിവന്റെ ശക്തിവികാസം തന്നെയാണ് ജഗത്ത്. ഈ വസ്തുത സർവ്വമംഗളാശാസ്ത്രത്തിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു. 'ശക്തി, ശക്തിമാൻ' എന്നീ രണ്ടു പദാർത്ഥങ്ങളാണുള്ളത്. സർവ്വജഗത്തും ശക്തിസ്വരൂപമാകുന്നു. ഇതിനെ വഹിക്കുന്നത് ശക്തിമാനായ മഹേശ്വരനും.

ഇനി അണ്ഡചതുഷ്ടയങ്ങളേതൊക്കെയാണെന്ന് പറയുന്നു. ശക്ത്യണ്ഡം, മായാണ്ഡം, പ്രകൃത്യണ്ഡം, പൃഥിവ്യണ്ഡം എന്നിവയാണ് അവ.

പരാഹന്താചമത്കാരം സ്വസ്വരൂപത്തെ നിഷേധരൂപത്തിൽ ആച്ഛാദനം ചെയ്തിട്ട് പ്രമാതൃ[12]പ്രമേയങ്ങളായി അഭിവ്യക്തമായി തീർന്നതാ

---

12. ഏതൊരു വസ്തുവിനെയും പ്രമേയമെന്നും (object) ആ വസ്തുവിനെ അറിയുന്നയാളെ പ്രമാതാവെന്നും (subject) വിളിക്കുന്നു. ഒരു വസ്തുവിനെക്കുറിച്ച് ബോധവാനാകുമ്പോൾ ആ വസ്തുവിനെ അറിയുന്ന 'ഞാൻ' എന്ന പ്രമാതാവിനെക്കുറിച്ചും കൂടിയാണ് ബോധവാനാകുക.

ണ് ശക്ത്യണ്ഡമെന്ന് അറിയപ്പെടുന്നത്. 36 തത്ത്വങ്ങളിൽ സദാശിവൻ, ഈശ്വരൻ, ശുദ്ധവിദ്യ എന്നിവയും ഇനി പറയാൻ പോകുന്ന ബാക്കി മൂന്നണ്ഡങ്ങളും ശക്ത്യണ്ഡത്തിൽ അന്തർഗ്ഗതമായിരിക്കുന്നു. സദാശിവൻ, ഈശ്വരൻ എന്നിവരാണ് ഇതിന്റെ അണ്ഡാധിപന്മാർ. അടുത്തത് മലത്രയങ്ങളാൽ[13] ബാധിതമായതും, ഭേദപ്രവണതയോടുകൂടിയവരും, സർവ്വ പ്രമാതാക്കൾക്കും ബന്ധനത്തിനു കാരണമായതുമായ മായാണ്ഡമാണ്. മായ തുടങ്ങി പുരുഷതത്ത്വം വരെയുള്ളതും പൃഥിവീ പ്രകൃത്യണ്ഡങ്ങളും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഗഹനരൂപനായ രുദ്രനാണ് മായാണ്ഡത്തിന്റെ അധിപൻ. (മംഗളശ്ലോകത്തിൽ ഗഹനപദത്തിന് മായ എന്ന് അർത്ഥം പറഞ്ഞിരുന്നു).

അനന്തരം സത്ത്വരജസ്തമോഗുണമയിയായി കാര്യകാരണാത്മികയായി പശുപ്രമാതാ[14]ക്കൾക്ക് സുഖദുഃഖബന്ധമോഹങ്ങളെ ഉണ്ടാക്കുന്നതായുള്ള അണ്ഡത്തെ പ്രകൃത്യണ്ഡമെന്നു പറയുന്നു. ഇവിടെ മഹാവിഭൂതിയും ഭേദസ്വരൂപനുമായ ശ്രീ മഹാവിഷ്ണുവാണ് അണ്ഡാധിപതി.[15] മനുഷ്യനും മറ്റു ജീവികളും സസ്യലതാദികളും എല്ലാമായി വിവിധരൂപങ്ങൾ സ്വീകരിച്ച് ബന്ധനത്തിന് കാരണമായി പൃഥിവ്യണ്ഡമായി തീർന്നിരിക്കുന്നു. 14 തരത്തിലാണ് ഇവിടെ സൃഷ്ടി നടക്കുന്നത്. ബ്രഹ്മാവാണ് ഈ വിടെ അണ്ഡാധിപതി.[16] ഇപ്രകാരം അണ്ഡചതുഷ്ടയങ്ങൾ മഹേശ്വരനാൽ പ്രകാശിപ്പിക്കപ്പെട്ടു.

---

13. പരമമായ ശിവസ്വരൂപം സ്വശക്തിതന്നെയായ മായയാൽ പരിമിതനാക്കപ്പെടുമ്പോൾ മലത്രയങ്ങളോടുകൂടിയവനാകുന്നു. ആണവമലം, മായീയമലം, കാർമ്മികമലം എന്നിവയാണവ. ആണവമലം - മഹത്തായ പരാഹന്താസ്വരൂപം അണുവായ ജീവനാണെന്ന ബോധത്തിന് സഹായിക്കുന്നതാണ് ആണവമലം. മായീയമലം - അദ്വയരൂപമായ മഹേശ്വരൻ വൈവിധ്യമായ ഈ പ്രപഞ്ചവും അതിനെ അനുഭവിക്കുന്ന ഞാനെന്ന പ്രമാതൃസ്വരൂപവും ആയി പരിണമിക്കുന്നത് മായീയമലം കാരണമാകുന്നു. കാർമ്മികമലം - സർവ്വകർത്തൃതാ ശക്തിമാനായ ശിവൻ അല്പകർത്തൃതാ സ്വരൂപവാനായി ത്തീരാൻ സഹായിക്കുന്നതാണ് കാർമ്മികമലം.
14. പാശബദ്ധനായ ജീവനാണ് പശുപ്രമാതാവ്.
15. 36 തത്ത്വങ്ങളിൽ പ്രകൃതി മുതൽ ജലതത്ത്വം വരെ ഈ അണ്ഡത്തിൽ അന്തർഭവിച്ചിരിക്കുന്നു.

ചതുർദ്ദശവിധോയത്ര ഭൂതഗ്രാമാഃ പ്രവർത്തതേ

സ്ഥാവരാഃ സർപ്പജാതിശ്ച പക്ഷിജാതിസ്തഥാ/പരാഃ
മൃഗസംജ്ഞാശ്ചപശ്വാഖ്യാഃ പഞ്ചമോ/ന്യശ്ച മാനുഷാഃ
പൈശാചോ രാക്ഷസോ യക്ഷോ ഗന്ധർവ്വാശ്ചൈന്ദ്ര ഏവച
സൗമ്യശ്ച പ്രാജാപത്യാശ്ച ബ്രാഹ്മണാശ്ചാത്ര ചതുർദ്ദശ
സർവ്വസ്യൈവസ്യ സുശ്ശുദ്ധിർബ്രാഹ്മേസംശോധിതേ സതി.
(മാലിനീ വിജയോത്തരം, ശ്ലോ. 7-9)


അഷ്ടവികല്പോ ദേവസ്തൈര്യഗ് യോനിശ്ച പഞ്ചധാ ഭവതി.
മാനുഷ്യശ്ചൈകവിധഃ സമാസതോ ഭൗതികഃ സർഗ്ഗഃ.
(സാംഖ്യകാരിക - ശ്ലോ. 53)

അഷ്ടഭേദാൻ സുരാൻ കൃത്വാ തിര്യഗ് യോനിം ച പഞ്ചധാ
മനുഷ്യാനേകഭേദാംശ്ച സൃഷ്ടിമേവം സസർജ സഃ
(അവന്തീക്ഷേത്രം 2.31)

16. പൃഥിവീ തത്ത്വം ഈ അണ്ഡത്തിൽ അന്തർഭവിച്ചിരിക്കുന്നു.

ഇപ്രകാരം ബ്രഹ്മാണ്ഡത്തിലെ 14 തരത്തിലുള്ള സൃഷ്ടി പലവിധത്തിൽ പല ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. ഇതിൽനിന്നും ഭാരതീയ സംസ്കാരം ഏകതാനമാർഗ്ഗമല്ല മറിച്ച് ബഹുതാനമാർഗ്ഗമാണെന്നത് വ്യക്തമായി മനസ്സിലാക്കാം.

RNI Registration Number – KERMAL/2012/56910



Printed and Published by Sreekanth.C, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712. Editor: D.Prakash